# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഓഗസ്റ്റ് 14 | ദീപം 58 | നാളം 23 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# ന്യൂനപക്ഷപ്രേമത്തിന്റെ മുഖംമൂടികൾ അഴിഞ്ഞുവീഴുമ്പോൾ




പി.സി. സിറിയക്


നമ്മുടെ ഭരണഘടനയുടെ മനോഹരമായ ആമുഖത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്, നമ്മുടെ രാഷ്ട്രം മതേതരവും, ചിന്തിക്കാനും സംസാരിക്കാനും ആരാധന നടത്താനും സ്വാതന്ത്ര്യമുള്ളതുമായ ജനാധിപത്യരാഷ്ട്രമായിരിക്കുമെന്ന്. ഭരണഘടനയുടെ 25-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിരിക്കുന്നു, ഒരു പൗരന് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും, മതാനുഷ്ഠാനങ്ങൾ പാലിച്ചു ജീവിക്കാനും, തന്റെ മതം പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്ന്.

ഈ മതേതരഭരണഘടനയോടുള്ള കൂറ്, ദൈവനാമത്തിൽത്തന്നെ പ്രഖ്യാപിച്ച്, സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലെത്തിയവരാണ് നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മന്ത്രിസഭാംഗങ്ങൾ. പക്ഷേ, കഴിഞ്ഞയാഴ്ചയിൽ ഛത്തീസ്ഗഡ് സംസ്ഥാനത്തെ ദുർഗ് റെയിൽവേ സ്റ്റേഷനിൽ നടന്ന സംഭവങ്ങൾ ഈ വൻതോക്കളുടെ സത്യപ്രതിജ്ഞയിൽ അവർക്കു തീരെ വിശ്വാസമില്ലെന്നു തെളിയിച്ചിരിക്കുകയാണ്. ഉത്തർപ്രദേശിലെ ഒരു ആശുപത്രിയിൽ സേവനം ചെയ്യുന്ന മലയാളികളായ രണ്ടു കന്യാസ്ത്രീകൾക്കും, അവരോടൊപ്പം യാത്രയ്ക്കെത്തിച്ചേർന്ന മൂന്ന് ആദിവാസി പെൺകുട്ടികൾക്കും, വഴികാട്ടിയായിച്ചെന്ന ചെറുപ്പക്കാരനും നേരിടേണ്ടിവന്ന പീഡനങ്ങളെപ്പറ്റി നാം വായിച്ചറിഞ്ഞു. ഒരു കുറ്റവും ചെയ്യാത്ത, നിരപരാധികളായ അവരെല്ലാം, ഹിന്ദുതീവ്രവാദനസംഘടനയായ ബജരങ്ദളിന്റെ നേതാവായ ഒരു സ്ത്രീയും അവരുടെ അനുചരന്മാരും അടങ്ങുന്ന സംഘം നടത്തിയ കരാളനൃത്തത്തിന്റെ ഇരകളായിത്തീർന്നു.

ആദ്യം ഉന്നയിക്കപ്പെട്ട ആരോപണം, അവർ പെൺകുട്ടികളെ വശീകരിച്ച്, പ്രലോഭനങ്ങളും വാഗ്ദാനങ്ങളും നൽകി നിർബന്ധിതമതപരിവർത്തനത്തിനായി കൊണ്ടുചെല്ലുകയാണെന്നാണ്. പെൺകുട്ടികൾ മൂവരും പതിനെട്ടു വയസ്സ് പൂർത്തിയായവരെന്നറിഞ്ഞപ്പോൾ, കുറ്റം, അതിനെക്കാൾ ഗുരുതരമായ 'മനുഷ്യക്കടത്ത്' ആയിത്തീർന്നു. പൊലീസിനെ നോക്കുകുത്തിയാക്കിക്കൊണ്ട് ആ തീവ്രവാദികൾ നടത്തിയ കൈയാങ്കളിയെപ്പറ്റിയും നാം വായിച്ചു ദുഃഖിച്ചു. അവസാനം, ഭഗീരഥപ്രയത്നം നടത്തി ഒമ്പതുദിവസത്തെ ജയിൽപീഡനത്തിനു ശേഷം, കന്യാസ്ത്രീകളെ ജാമ്യത്തിൽ മോചിപ്പിച്ചു. അവർക്കു പല നിബന്ധനകൾക്കും വിധേയമായി ജാമ്യം നൽകിയത്, തങ്ങൾ അനുഭാവപൂർവം പ്രവർത്തിച്ചതിനു തെളിവാണെന്ന് അവകാശപ്പെടാനും ബി.ജെ.പി. നേതാക്കൾ മടിച്ചില്ല.

ഛത്തീസ്ഗഡ് ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഉത്തരേന്ത്യയിലെ ഹിന്ദു ഹൃദയഭൂമിയിൽ, പാർശ്വവത്കരിക്കപ്പെട്ട ആദിവാസി സമൂഹങ്ങൾക്കിടയിൽ, പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് അക്ഷരാഭ്യാസം നൽകി അവരെ മനുഷ്യരാക്കി മാറ്റാനും അന്ധവിശ്വാസങ്ങൾ, ദുരാചാരങ്ങൾ എന്നിവയിൽനിന്നു വിമുക്തമാക്കാനും നിസ്വാർത്ഥമായി പരിശ്രമിച്ചവരാണ് നമ്മുടെ മിഷനറിവൈദികരും കന്യാസ്ത്രീകളും. അവരുടെ മറ്റൊരു പ്രവർത്തനമേഖലയായിരുന്നു, അവശരും അശരണരുമായ രോഗികളെ പരിചരിക്കൽ.

സർക്കാർ ശ്രദ്ധിക്കേണ്ടതും, പക്ഷേ, ശ്രദ്ധിക്കാൻ കൂട്ടാക്കാതിരുന്നതുമായ ഈ മേഖലകൾ രണ്ടിലും ആത്മാർത്ഥസേവനം നടത്തിയ അവരെ ആദിവാസികൾ സ്നേഹിച്ചു, വിശ്വസിച്ചു. അവരുടെ വചനങ്ങൾകേട്ടും പ്രവൃത്തികൾ കണ്ടും ആകർഷിക്കപ്പെട്ട ചിലരെല്ലാം ക്രൈസ്തവമതം സ്വീകരിച്ചിരിക്കാം. പക്ഷേ, അവർ, ഇതുവരെ ആദിവാസികളെ ചൂഷണം ചെയ്തിരുന്നവരുടെ നോട്ടപ്പുള്ളികളായത് അദ്ഭുതമല്ലല്ലോ. 2014 ൽ ബി.ജെ.പി. സർക്കാർ ഭരണം തുടങ്ങിയതോടെ ഈ സ്ഥാപിതതാത്പര്യക്കാർ തങ്ങളുടെ ഇരകളെ സ്വതന്ത്രരാക്കിയ ഈ വൈദികരുടെയും കന്യാസ്ത്രീകളുടെയും നേർക്കു തിരിയുകയായിരുന്നു. ഇന്ന് രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഒറീസ്സ തുടങ്ങി മിക്ക ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും മതപീഡനത്തിന്റെ വാർത്തകൾ വരുന്നു. ഛത്തീസ്ഗഡിൽ കണ്ടതുപോലുള്ള ഭരണഘടനാലംഘനങ്ങൾക്കും അന്യായമായ തടങ്കൽശിക്ഷകൾക്കും അവിടെയെല്ലാം അരങ്ങേറുന്ന മർദനമുറകൾക്കുമെതിരേ ശബ്ദമുയർത്താൻ കേരളത്തിൽ ജീവിക്കുന്ന നമ്മളെങ്കിലും മുന്നിട്ടിറങ്ങിപ്രവർത്തിക്കാൻ തയ്യാറാകണം. ഇതാണ്, ഛത്തീസ്ഗഡിൽനിന്നു നമുക്കു പഠിക്കാനുള്ള പാഠം.

* * * * *

ഛത്തീസ്ഗഡിലെയും മറ്റു സംസ്ഥാനങ്ങളിലെയും ബി.ജെ.പി. സർക്കാരുകളുടെ പിന്തുണയോടെ അവരുടെ സഹോദരസംഘടനകളായ ബജ്രങ്ദളും ഹിന്ദുമഹാസഭയുമെല്ലാം നടത്തുന്ന പീഡനങ്ങൾ, കേരളസമൂഹത്തിലും കേരള രാഷ്ട്രീയത്തിലും അടിയൊഴുക്കുകൾ സൃഷ്ടിക്കുമോ?


► 15

# മലയാളത്തിന്റെ ഹിമവൽസാനു



ജിൻസ് കാവാലി

കുട്ടിക്കാലത്ത് സാനുവിനോട് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട അധ്യാപകൻ ഇങ്ങനെ ഒരു ചോദ്യം ചോദിക്കുന്നുണ്ട്: 'മോനേ, നീ വലുതാവുമ്പോൾ ആരാകാനാണ് ആഗ്രഹിക്കുന്നത്?' ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം ആ കുട്ടി കുമാരനാശാന്റെ രണ്ടു വരികൾ പ്രസ്തുത ചോദ്യത്തിനുള്ള മറുപടിയാക്കി:

'അന്യജീവനുതകി സ്വജീവിതം/ ധന്യമാക്കുമമലേ വിവേകികൾ.'

കുട്ടി പറഞ്ഞത് കുട്ടിക്കളി ആയിരുന്നില്ല എന്നു കാലം തെളിയിച്ചു. അയാൾ വളർന്ന് അക്ഷരങ്ങൾകൊണ്ടു ഹിമഗിരികൾ പണിതു. അറിവ് നിറവോടെ പകർന്ന് അനേകഹൃദയങ്ങളുടെ ഇരുളകറ്റി. സാംസ്കാരികകേരളത്തിന്റെ ശബ്ദവും മനഃസാക്ഷിയുമായി. കേരളീയനവോത്ഥാനത്തിന്റെ സൂര്യരശ്മികൾ നെഞ്ചിലേറ്റിയിരുന്ന സാനുമാഷ് മാനവികമൂല്യങ്ങളിൽ അടിയുറച്ചു മാത്രം സംസാരിച്ചു, എഴുതി, പ്രവർത്തിച്ചു. ആ മഹാമനീഷി വിടവാങ്ങുമ്പോൾ കേവലം ഒരു വ്യക്തിയല്ല, തിളക്കമാർന്ന ഒരു കാലംതന്നെയാണ് ഓർമയാകുന്നത്.

അധ്യാപകൻ, ചിന്തകൻ, സാഹിത്യവിമർശകൻ, ജീവചരിത്രകാരൻ, പ്രഭാഷകൻ, പൊതുപ്രവർത്തകൻ എന്നീ നിലകളിലെല്ലാം ഉന്നതശീർഷനായിരുന്ന എം കെ സാനു വിടവാങ്ങുമ്പോൾ സാംസ്കാരികകേരളത്തിന്റെ തലപ്പൊക്കം അക്ഷരാർഥത്തിൽത്തന്നെ കുറയുകയാണ്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ കഴിഞ്ഞ എട്ടു ദശാബ്ദക്കാലം കർമനിരതമായ സാന്നിധ്യമായിരുന്നു അദ്ദേഹം.

1927 ഒക്ടോബർ 27ന് എം സി കേശവൻ - കെ പി ഭവാനി ദമ്പതികളുടെ പുത്രനായി, ആലപ്പുഴയിലെ തുമ്പോളിയിലാണ് എം കെ സാനുവിന്റെ ജനനം.

ആലപ്പുഴ സനാതനധർമസ്കൂളിൽ അധ്യാപകനായി ഔദ്യോഗികജീവിതമാരംഭിച്ചു. പിന്നീട് കോളജധ്യാപകനായി. കൊല്ലം എൻ എസ് എസ് കോളജ്, എറണാകുളം മഹാരാജാസ് കോളജ്, തലശ്ശേരി ബ്രണ്ണൻ കോളജ് തുടങ്ങിയയിടങ്ങളിൽ അനേകരുടെ പ്രിയ ഗുരുവും വഴികാട്ടിയുമായി. പാഠപുസ്തകം മാത്രം പഠിപ്പിക്കുന്ന അധ്യാപകനായിരുന്നില്ല സാനുമാഷ്. വിഭിന്നസംയുക്തമായ ജീവിതത്തിന്റെ (Multi dimensional) അർഥവും ആഴവും അദ്ദേഹം ശിഷ്യഗണങ്ങൾക്കു കാട്ടിക്കൊടുത്തു. ജീവിതത്തെയും സാഹിത്യത്തെയും രണ്ടു കരകളായി കാണാതെ ജീവിതത്തിന്റെ ബലിഷ്ഠമായ ഒരു മാനംതന്നെയാണ് സാഹിത്യമെന്നു പറഞ്ഞുവച്ചു. ഒരറിവും ചെറുതല്ലെന്നും ഒരു മനുഷ്യനെയും നിസ്സാരനായി കാണരുതെന്നും മാഷ് നിരന്തരം തന്റെ ചുറ്റുമുള്ള ലോകത്തെ ഓർമിപ്പിച്ചുകൊണ്ടേയിരുന്നു. ഒരു കീറക്കടലാസ് കൈയിൽ കിട്ടിയാൽ പോലും അതിൽനിന്നു പുതുതായി എന്തെങ്കിലും അറിവുകിട്ടുമോ എന്ന അന്വേഷണം സാനുമാഷ് ജീവിതാന്ത്യംവരെ തുടർന്നു. അത്രയേറെ അഗാധമായ അറിവ് അദ്ദേഹത്തിന്റെയുള്ളിൽ ഉണ്ടായിരുന്നതിനാൽത്തന്നെ അറിവിന്റെ ശത്രുവായ അഹംഭാവത്തിന് ആ മഹാമനുഷ്യനെ തൊടാൻ പോലും കഴിഞ്ഞില്ല. വിജ്ഞാനത്തിനും



വിവേകത്തിനുമൊപ്പം മാഷിന്റെ വിനയവും വർദ്ധിച്ചു.

1958ലാണ് എം കെ സാനുവിന്റെ ആദ്യഗ്രന്ഥമായ 'അഞ്ച് ശാസ്ത്രനായകന്മാർ' പ്രസിദ്ധീകൃതമാകുന്നത്. 1960ൽ അദ്ദേഹത്തിന്റെ ആദ്യനിരൂപണ ഗ്രന്ഥം 'കാറ്റും വെളിച്ചവും' പ്രകാശിതമായി. ആ കാറ്റും വെളിച്ചവും പിന്നീട് കൈരളിയുടെ ഭൂമികയിൽ ആകെ നിറയുന്നതിനാണ് മലയാളത്തിന്റെ സാഹിത്യലോകം സാക്ഷ്യം വഹിച്ചത്. ഉജ്ജ്വലമായ വിമർശനഗ്രന്ഥങ്ങൾ, അർഥവും ആഴവുമുള്ള സാഹിത്യപഠനങ്ങൾ, ജീവിതത്തിന്റെ മഹത്ത്വം വിളംബരം ചെയ്യുന്ന വിഖ്യാതമായ ജീവചരിത്രങ്ങൾ എന്നിങ്ങനെ ആ തൂലിക അതുല്യമായ അക്ഷരനക്ഷത്രങ്ങളുടെ ഒരു മഹാകാശംതന്നെ മലയാളിക്കു നൽകി. ഇരുളും വെളിച്ചവും, രാജവീഥി, ചുമരിലെ ചിത്രങ്ങൾ, പ്രഭാതദർശനം, അവധാരണം തുടങ്ങിയ അദ്ദേഹത്തിന്റെ സാഹിത്യപഠനങ്ങളും നിരൂപണങ്ങളും ഗഹനവും അതേ സമയംതന്നെ ലളിതവുമായിരുന്നു. ഗഹനമായ അന്വേഷണങ്ങളെ അദ്ദേഹം ലളിതമായ ഭാഷയിൽ വരച്ചിട്ടു.

ഒരറിവും ചെറുതല്ലെന്നും ഒരു മനുഷ്യനെയും നിസ്സാരനായി കാണരുതെന്നും മാഷ് നിരന്തരം തന്റെ ചുറ്റുമുള്ള ലോകത്തെ ഓർമിപ്പിച്ചുകൊണ്ടേയിരുന്നു. ഒരു കീറക്കടലാസ് കൈയിൽകിട്ടിയാൽപോലും അതിൽനിന്നു പുതുതായി എന്തെങ്കിലും അറിവുകിട്ടുമോ എന്ന അന്വേഷണം സാനുമാഷ് ജീവിതാന്ത്യംവരെ തുടർന്നു.

ഭാഷയുടെ ആഡംബരങ്ങൾ ഒന്നുമില്ലാതെ ഒരു സുഹൃത്തിനോടെന്നപോലെയാണ് സാനുമാഷിന്റെ പുസ്തകങ്ങൾ വായനക്കാരോടു സംവദിച്ചത്.

ആൽബർട്ട് ഷ്വൈറ്റ്സറിന്റെ (അസ്തമിക്കാത്ത വെളിച്ചം) മുതൽ ശ്രീനാരായണഗുരുവിന്റെയും (നാരായണഗുരുസ്വാമി) കുമാരനാശാന്റെയും (മൃത്യുഞ്ജയം കാവ്യജീവിതം) ചങ്ങമ്പുഴയുടെയും (ചങ്ങമ്പുഴ: നക്ഷത്രങ്ങളുടെ സ്നേഹഭാജനം) വൈക്കം മുഹമ്മദ് ബഷീറിന്റെയും (ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ) അടക്കം നിരവധി മഹത്വ്യക്തികളുടെ ജീവചരിത്രങ്ങൾ സാനുമാഷ് സുലളിതമായ ഭാഷയിൽ മലയാളത്തിനു നൽകി. എഴുത്തുകാരുടെ എഴുത്തുജീവിതത്തെയും വ്യക്തിജീവിതത്തെയും ഇത്രമേൽ ഇഴചേർത്തും ആഴത്തിലും പരിശോധിക്കുന്ന ജീവചരിത്രഗ്രന്ഥങ്ങൾ എഴുതാൻ മലയാളത്തിൽ മറ്റാർക്കും കഴിഞ്ഞിട്ടില്ല. അബലകൾക്ക് ആശ്രയമായി ജീവിച്ച തപസ്വിനി അമ്മയുടെ ജീവിതത്തെ ആസ്പദമാക്കി 'തപസ്വിനി അമ്മ: അബലകൾക്ക് ശരണമായി ജീവിച്ച പുണ്യവതി' എന്ന ഗ്രന്ഥം സാനുമാഷ് എഴുതിയത് ഈ വർഷമാണ്, തന്റെ തൊണ്ണൂറ്റിയെട്ടാമത്തെ വയസ്സിൽ. അലമാരകൾ അടുക്കിപ്പെറുക്കിയപ്പോൾ കിട്ടിയ പഴയ നോട്ടുപുസ്തകങ്ങൾ, കണ്ണടയ്ക്കുപുറമേ മാഗ്നിഫൈയിങ്ഗ്ലാസിന്റെ കൂടെ സഹായത്തോടെ വായിച്ചാണ് ഈ ഗ്രന്ഥരചനയ്ക്കു വേണ്ട സാമഗ്രികൾ അദ്ദേഹം സമാഹരിച്ചത്. അക്ഷരങ്ങളോടുള്ള അദ്ദേഹത്തിന്റെ ആത്മാർപ്പണം എത്രമേൽ ശ്രേഷ്ഠമാണെന്നതിന് മറ്റൊരുദാഹരണം ആവശ്യമില്ലല്ലോ.

പ്രായത്തിന്റെ അവശതകൾ അദ്ദേഹത്തിന്റെ ധിഷണാവിലാസത്തെ തെല്ലും തളർത്തിയില്ല. ഒരു അധികാരക്കസേരകൾക്കു മുന്നിലും നട്ടെല്ലു വളച്ചില്ല. അപ്രിയസത്യങ്ങൾ അതാരോടാണെങ്കിലും വിളിച്ചുപറയാൻ മടിച്ചുമില്ല. മാറുന്ന സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങൾക്കുനേരേ അദ്ദേഹം തന്റെ കണ്ണും കാതും എപ്പോഴും തുറന്നുവച്ചു. "മതമൗലികവാദത്തിന് ഇപ്പോൾ നമ്മുടെ രാഷ്ട്രീയത്തിൽ വലിയ സ്വാധീനമുണ്ട്. അതിൽനിന്ന് ഒരു മോചനം ആവശ്യമാണ്. നമ്മുടെ ചരിത്രവും ഐതിഹ്യങ്ങളും എല്ലാം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇതിനെതിരെ ശക്തമായ ഒരു ബൗദ്ധികപ്രതിരോധം ആവശ്യമാണ്", ഉറച്ചശബ്ദത്തിൽ ഈ വാക്കുകൾ കേരളക്കരയോടു പറയുമ്പോൾ സാനുമാഷിന് തൊണ്ണൂറ്റിയാറു വയസ്സായിരുന്നു. തന്റെ കാലത്തെക്കുറിച്ചു മാത്രമല്ല വരുംതലമുറകളെക്കുറിച്ചും മാഷ് ചിന്തിച്ചു. മനുഷ്യനുമായി ബന്ധപ്പെട്ടതെല്ലാം മാഷിനു പ്രധാനപ്പെട്ട സംഗതികൾതന്നെയായിരുന്നു. ജീവിതത്തിനുനേരേ ഉദാസീനനായി നിലകൊണ്ടാൽ അതിന്റെ ആഴങ്ങളറിയാൻ സാധിക്കില്ലെന്നദ്ദേഹം എപ്പോഴും ഓർമിപ്പിച്ചു.

ഒരിക്കൽ സാനുമാഷ് ഇപ്രകാരം എഴുതി: "മരണം ഏതു നിമിഷവും സംഭവിക്കാം എന്ന വസ്തുത എപ്പോഴും ഓർത്തുവച്ചുകൊണ്ട് മരണത്തിനു മുമ്പുള്ള അവസ്ഥ മഹനീയമാക്കിത്തീർക്കേണ്ടതെങ്ങനെ എന്നാണു നാം ചിന്തിക്കേണ്ടത്. അപ്പോൾ മൂല്യങ്ങൾക്കും മനുഷ്യബന്ധങ്ങൾക്കും കർത്തവ്യങ്ങൾക്കും സവിശേഷമായ പ്രാധാന്യം സിദ്ധിക്കുന്നു."

തന്റെ കർത്തവ്യങ്ങൾ ഒക്കെയും നിറവേറ്റി, മരണത്തിനു കവരാനാവാത്ത അനേകരത്നങ്ങൾ മലയാളക്കരയ്ക്കു നൽകിയിട്ടാണ് എം കെ സാനു എന്ന മലയാളത്തിന്റെ സാനുമാഷ് യാത്രയായത്. നന്ദി മാഷേ, മഹത്തരമായ ജീവിതമാതൃകയായതിന്, ഒപ്പം അങ്ങു പകർന്ന അനശ്വരമായ അറിവുകൾക്കും. ഹൃദയാദരങ്ങളോടെ യാത്രാമൊഴി.

■

# മദർ തെരേസമാർ ജയിലിലും മതസ്വാതന്ത്ര്യം തടവറയിലും



ജോസ് കെ. മാണി എം.പി.

ജയിലിൽ കഴിയുന്ന സിസ്റ്റർ വന്ദന ഫ്രാൻസിസിനെയും സിസ്റ്റർ പ്രീതി മേരിയെയും സഹഎംപിമാർക്കൊപ്പം ജയിലിൽ പോയി കണ്ടപ്പോൾ പൊട്ടിക്കരയുകയായിരുന്നു ആ സഹോദരിമാർ രണ്ടുപേരും. പൊലീസ് അറസ്റ്റു ചെയ്തതിലോ ജയിലിൽ അടച്ചതിലോ ആയിരുന്നില്ല അവരുടെ വിഷമം. പൊലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ 'നിങ്ങൾ വിദേശികളാണ്; വിദേശികൾക്ക് എന്താണ് ഇന്ത്യയിൽ കാര്യം' എന്നു ചോദിച്ചതിനെയോർത്താണ് അവർ പൊട്ടിക്കരഞ്ഞത്.

എല്ലാറ്റിനുമൊടുവിൽ എൻ.ഐ.എ. കോടതി അവരെ വിട്ടയച്ചുവെങ്കിലും ഛത്തീസ്ഗഡിലെ ദുർഗ് റെയിൽവേ സ്റ്റേഷനിൽ അരങ്ങേറിയ ആൾക്കൂട്ട വിചാരണയും തുടർന്ന് അവർ തടവറയിലായതും ഒറ്റപ്പെട്ട സംഭവമല്ല; ഭരണകൂടത്തിന്റെയും പൊലീസിന്റെയും പിൻബലത്തോടെ ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവപീഡനത്തിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്.

ഇന്ത്യൻ ഭരണഘടനയെയും നീതിന്യായവ്യവസ്ഥയെയും നിയമവാഴ്ചയെയും നോക്കുകുത്തിയാക്കിക്കൊണ്ടാണ് രാഷ്ട്രീയാധികാരം നിലനിർത്താനും രാഷ്ട്രീയാധികാരത്തിലേക്ക് എത്താനും ഇന്ത്യ ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയും അവരുടെ മുഖങ്ങളായവരും ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മണിപ്പുരിലെ കൂട്ടക്കൊലയും അക്രമസംഭവങ്ങളും ക്രൈസ്തവർക്കുള്ള ഒരു സൂചനമാത്രമായിരുന്നു എന്നത് വീണ്ടും തെളിയുകയാണ്. ക്രൈസ്തവമിഷണറിമാർക്കും വിശ്വാസികൾക്കുംനേരേ ഇന്ത്യയുടെ പല ഭാഗങ്ങളിലും, പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ നടന്ന ഈ ആക്രമണങ്ങൾക്ക് ഒരു പൊതുസ്വഭാവം ഉണ്ടായിരുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കടന്നുവരാൻ കഴിയാതെ പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾക്കിടയിൽ അവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന വൈദികരും കന്യാസ്ത്രീകളും അവർ നേതൃത്വം കൊടുക്കുന്ന സാമൂഹികസംരംഭങ്ങളും സ്ഥാപനങ്ങളും അടയാളപ്പെടുത്തിയാണ് ആക്രമണങ്ങൾ അരങ്ങേറുന്നത്. മാനവസേവയെ ഈശ്വരസേവയായി പരിഗണിച്ച് ജീവിതം നയിക്കുന്നവരാണ് ക്രൈസ്തവമിഷനറിമാർ. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന ക്രിസ്തുവചനം ജീവിതത്തിൽ പകർത്തിക്കാട്ടി അനേകായിരങ്ങൾക്കു സാന്ത്വനവും ആശ്വാസവും പ്രചോദനവുമായി നൂറുകണക്കിനു വൈദികരും കന്യാസ്ത്രീകളും ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും മലയാളികളാണ്.

ഇവരുടെ പ്രവർത്തനങ്ങളെ എന്നും സംശയത്തിന്റെ കണ്ണുകളോടെ മാത്രമേ രാജ്യത്ത് വർഗീയത വളർത്തുവാൻ ശ്രമിച്ചവർ സമീപിച്ചിരുന്നുള്ളൂ. ആർക്കും വേണ്ടാത്ത മനുഷ്യർക്ക് ജീവിതവെളിച്ചം പകരാൻ ഈശ്വരീയകരസ്പർശത്തോടെ ഇറങ്ങിത്തിരിച്ച മദർ തെരേസയുടെ പ്രവർത്തനങ്ങളെപ്പോലും ഇക്കൂട്ടർ സംശയത്തോടെയാണ് എന്നും വീക്ഷിച്ചത്. ഒരു തുറന്ന പുസ്തകംപോലെയുള്ള മദർ തെരേസയുടെ കാരുണ്യപ്രവർത്തനത്തെ മതപ്രചാരവേലയായി ചിത്രീകരിക്കാനുള്ള ശ്രമങ്ങളെ സമൂഹം തള്ളിക്കളഞ്ഞു എന്നതു ചരിത്രമാണ്. എന്നിട്ടും വർഗീയതയുടെ പ്രചാരകർ അടങ്ങിയിരുന്നില്ല. സമൂഹത്തിൽ ഭിന്നതകൾ വളർത്തി അസ്വസ്ഥതകൾ സൃഷ്ടിച്ച് അതിൽനിന്നു മുതലെടുപ്പു നടത്തി രാഷ്ട്രീയാധികാരം ഉറപ്പിക്കാനുള്ള വഴികളിലേക്കാണ് അവരുടെ ശ്രദ്ധ പതിഞ്ഞത്.

ഇതിന്റെ ഭാഗമായിട്ടാണ് ഒറ്റപ്പെട്ട ആക്രമണങ്ങളെ കേന്ദ്രീകൃതരൂപത്തിൽ മണിപ്പുർ എന്ന കൊച്ചുസംസ്ഥാനത്തിൽ ഇവർ അവതരിപ്പിച്ചത്. പുറമേ രണ്ടു ഗോത്രവർഗവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം എന്നു പറഞ്ഞു ലഘൂകരിച്ചുകൊണ്ട് അണിയറയിൽ ആസൂത്രിത നീക്കം നടത്തിയാണ് മണിപ്പുർകലാപം അരങ്ങേറിയത്. കൃത്യമായ ഗൃഹപാഠത്തോടെ, വ്യക്തമായ ആസൂത്രണത്തോടെ സംഘടിപ്പിച്ച വംശീയ ഉന്മൂലനശ്രമമായിരുന്നു മണിപ്പുരിൽ നടന്നത്.

മണിപ്പുരിലെ ഭൂരിപക്ഷജനത അധിവസിക്കുന്ന ഇടങ്ങളിൽ അവരുടെ ഉന്നമനത്തിനും പുരോഗതിക്കുമായി പടുത്തുയർത്തിയ വിദ്യാഭ്യാസസ്ഥാപനങ്ങളും തൊഴിൽസ്ഥാപനങ്ങളും അടയാളമിട്ട് ആക്രമിച്ചുതകർത്തു. ക്രൈസ്തവ ദേവാലയങ്ങളെ തിരഞ്ഞുപിടിച്ച്, പുനർനിർമിക്കാൻ കഴിയാത്തവിധം തകർക്കുകയായിരുന്നു. പൊടുന്നനെ ഉണ്ടായ ഒരു വികാരക്ഷോഭത്തിന്റെ പ്രതിഫലനമായിരുന്നില്ല; മറിച്ച്, മികച്ച പരിശീലനമുള്ളവരുടെ നേതൃത്വത്തിൽ നടന്ന ആസൂത്രിതസായുധകലാപമായിരുന്നു അത്.

**രാഷ്ട്രീയലക്ഷ്യത്തോടെ വർഗീയധ്രുവീകരണം നടത്തുന്ന ശക്തികൾ ഇന്ത്യയുടെ മഹത്തായ മതേതരപാരമ്പര്യത്തെ തകർക്കുമ്പോൾ നിശ്ശബ്ദരായിരിക്കാൻ നമുക്ക് അവകാശമില്ലായെന്നും പ്രതികരണത്തിന്റെയും പ്രതിരോധത്തിന്റെയും പാതകൾ തീർക്കേണ്ടത് നമ്മുടെ ചരിത്രപരമായ ഉത്തരവാദിത്വമാണെന്നും വിസ്മരിക്കാൻ പാടില്ല.**

ആക്രമണങ്ങൾക്കുശേഷം മണിപ്പുരിൽ നടന്നതും ഇതേ ആസൂത്രണത്തിന്റെ ബാക്കിപത്രമാണ്. ജീവനുംകൊണ്ട് ഉള്ളതെല്ലാം ഇട്ടെറിഞ്ഞ് ദുരിതാശ്വാസകേന്ദ്രങ്ങളിൽ അഭയം തേടിയവർ അനുഭവിച്ചത് സമാനതകളില്ലാത്ത നരകയാതനകളായിരുന്നു. ക്രൈസ്തവജനവിഭാഗങ്ങൾ അഭയം തേടിയ കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ ആയുധമേന്തിയ സ്ത്രീകൾ അടക്കമുള്ള സായുധസംഘങ്ങൾ പിടിച്ചെടുത്തു. ദുരിതാശ്വാസകേന്ദ്രങ്ങളിലേക്ക് ഒരു കുപ്പി വെള്ളംപോലും കടത്തിവിടാത്ത ജാഗ്രതയാണ് ഈ സായുധസംഘങ്ങൾ പുലർത്തിയത്. അവിടെയുള്ള പൊലീസും നിയമപാലന സംവിധാനങ്ങളുമാകെ ഇവർക്കു സഹായമായി പ്രവർത്തിച്ചുവെന്നും പൊലീസിന്റെ ആയുധകേന്ദ്രങ്ങൾ കൊള്ളയടിക്കുന്നതിന് അക്രമികൾക്ക് എല്ലാ ഒത്താശയും ഭരണകൂടത്തിന്റെ പക്ഷത്തുനിന്നുമുണ്ടായിയെന്നുമുള്ള ഗുരുതരമായ ആരോപണം ഇപ്പോഴും നിലനിൽക്കുന്നു.

ഡൽഹി ലത്തീൻ അതിരൂപതയുടെ 'കുരിശിന്റെ വഴി'ക്ക് അനുമതി നിഷേധിച്ചത് മതേതരഇന്ത്യയെ ഞെട്ടിച്ച മറ്റൊരു സംഭവമായിരുന്നു. എല്ലാ വർഷവും ഡൽഹി സേക്രട്ട് ഹാർട്ട് പള്ളിയിലേക്ക് ഓൾഡ് ഡൽഹിയിലെ സെന്റ് മേരീസ് പള്ളിയിൽനിന്നു കുരിശിന്റെ വഴി നടക്കാറുണ്ട്. കേരളീയരായ നിരവധി കുടുംബങ്ങൾ പങ്കെടുക്കുന്ന, എല്ലാവർഷവും നടക്കാറുള്ള കുരുത്തോല പ്രദക്ഷിണത്തിനാണ് ഡൽഹി പൊലീസ് അനുമതി നിഷേധിച്ചത്. ഇതു മതസ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റമല്ലാതെ മറ്റെന്താണ്? ഡൽഹിയിലെ നിയമസഭാതിരഞ്ഞെടുപ്പിനുശേഷം നടന്ന ഭരണമാറ്റത്തോടെയാണ് ഈ സംഭവമുണ്ടായത്. ആരാധനാസ്വാതന്ത്ര്യത്തെ പരസ്യമായി വെല്ലുവിളിക്കാനുള്ള ധൈര്യം പൊലീസിനു ഭരണകൂടം നൽകുന്നു എന്നതിന്റെ തെളിവുകൂടിയാണിത്.

ഏതാനും മാസങ്ങൾക്കുമുമ്പാണ് ജബൽപൂരിലും ഒഡീഷയിലും ക്രൈസ്തവദേവാലയങ്ങൾക്കുനേരേ സംഘടിതമായ ആക്രമണങ്ങൾ അരങ്ങേറിയത്.

ഭയപ്പെടുത്തി നിശ്ശബ്ദരാക്കുക എന്ന തന്ത്രമാണ് പലയിടത്തും പ്രയോഗിക്കുന്നത്. ഇതിൽ വഴങ്ങാതെ ക്രൈസ്തവസഭ ഏല്പിച്ചിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്ന വൈദികരെയാണ് പലയിടങ്ങളിലും ആക്രമിക്കുന്നത്. പള്ളിക്കുള്ളിൽ കയറിയാണ് ഒഡീഷയിൽ സ്ത്രീകളടക്കമുള്ളവരെ മർദിച്ചത്. വൈദികരെയും മറ്റും തൊട്ടടുത്ത ഗ്രാമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി അവിടെവച്ചും മർദ്ദനം അഴിച്ചുവിട്ടു. കുറവിലങ്ങാട് സ്വദേശിയായ വികാരി ഫാ. ജോഷി ജോർജിനും സഹവികാരി ഫാദർ ദയാനന്ദിനും ക്രൂരമർദനങ്ങളാണ് ഏറ്റുവാങ്ങേണ്ടിവന്നത്. ഇതെല്ലാം പൊലീസ് നോക്കിനിൽക്കെയാണ് നടന്നത്. രേഖാമൂലം പരാതിപ്പെട്ടിട്ടും കേസെടുത്തില്ല. രാജ്യവ്യാപകമായ പ്രതിഷേധമുയർന്നപ്പോൾ മാത്രമാണ് ദിവസങ്ങൾ കഴിഞ്ഞ് കേസെടുക്കാൻ പൊലീസ് തയ്യാറായത്. എന്നാൽ, അക്രമികൾക്കെതിരായി ഒരു നടപടിയും സ്വീകരിച്ചില്ല.



ദീപാവലിയാഘോഷങ്ങളുടെ മറവിൽ ഛത്തീസ്ഗഡിലെയും ഒഡീഷയിലെയും ഉത്തർപ്രദേശിന്റെ പല ഭാഗങ്ങളിലെയും പള്ളികളിൽ കയറി ക്രൂശിതരൂപത്തിന്റെ മുകളിൽ വരെ വർഗീയവാദികൾ കൊടികെട്ടി എന്ന വാർത്തകളും ഞെട്ടലോടെയാണു വിശ്വാസികൾ ശ്രവിച്ചത്.

കേരളത്തിൽ ക്രൈസ്തവരടക്കമുള്ള മതന്യൂനപക്ഷങ്ങൾ സുരക്ഷിതരായി ജീവിക്കുന്നു. സംഘടിതമായ ഒരാക്രമണത്തിനും ആർക്കും ധൈര്യമില്ലാത്ത വിധത്തിൽ സാമുദായിക സൗഹാർദവും മതനിരപേക്ഷതയും പുലരുന്ന നാടായി കേരളം അഭിമാനത്തോടുകൂടിയാണ് ശിരസ്സുയർത്തി മുന്നോട്ടുപോകുന്നത്. ഈ കേരളത്തെയും കേരളത്തിലെ മതന്യൂനപക്ഷങ്ങളെയും തെറ്റിദ്ധരിപ്പിക്കാനുള്ള തന്ത്രമാണ് ഉത്തരേന്ത്യയിലെ അക്രമരാഷ്ട്രീയത്തിന്റെ വക്താക്കൾ കേരളത്തിൽ പയറ്റുന്നത്.

ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഓടിച്ചിട്ടടിക്കുന്ന കൈകളുമായി ഇവിടെ തലോടാൻ എത്തുന്നവരുടെ രാഷ്ട്രീയോദ്ദേശ്യം ഈ നാട് തിരിച്ചറിയുന്നുണ്ട്. നിരപരാധികളായ രണ്ടു കന്യാസ്ത്രീകളെ മതപരിവർത്തനവും മനുഷ്യക്കടത്തും ആരോപിച്ചു തടവിലാക്കിയ സംഭവം ചർച്ച ചെയ്യണമെന്ന ആവശ്യം പാർലമെന്റിൽ ഉയർത്തിയപ്പോൾ അതിനെ നിഷ്കരുണം തള്ളിക്കളയുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. തങ്ങളുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനത്തു നടന്ന മനുഷ്യത്വരഹിതമായ നീതിനിഷേധത്തിന്റെ സത്യാവസ്ഥ മൂടിവയ്ക്കാനാണ് പാർലമെന്റിൽ സർക്കാർ ചർച്ചയ്ക്കു വഴങ്ങാതിരുന്നത്.

രാഷ്ട്രീയലക്ഷ്യത്തോടെ വർഗീയധ്രുവീകരണം നടത്തുന്ന ശക്തികൾ ഇന്ത്യയുടെ മഹത്തായ മതേതരപാരമ്പര്യത്തെ തകർക്കുമ്പോൾ നിശ്ശബ്ദരായിരിക്കാൻ നമുക്ക് അവകാശമില്ലായെന്നും പ്രതികരണത്തിന്റെയും പ്രതിരോധത്തിന്റെയും പാതകൾ തീർക്കേണ്ടത് നമ്മുടെ ചരിത്രപരമായ ഉത്തരവാദിത്വമാണെന്നും വിസ്മരിക്കാൻ പാടില്ല.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ

ഉദാരമായി ദാനം ചെയ്യുന്നവൻ സമ്പന്നനാകും; ദാഹജലം കൊടുക്കുന്നവന് ദാഹജലം കിട്ടും.

സുഭാഷിതങ്ങൾ 11:25

## എഡിറ്റോറിയൽ

# നാക്കുപിഴയിലെ നവപാഠങ്ങൾ

**നാ**ലുപേരറിയുന്ന ആളായാൽ നാവിനു വിലയേറും. പക്ഷേ, അതിൽ വിളയുന്നത് എപ്പോഴും നന്നാവണമെന്നില്ല. ലോകമറിയുന്ന ചലച്ചിത്രസംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഈയിടെ നടത്തിയ ഒരു വിവാദപരാമർശം ദളിത്-വനിതാചലച്ചിത്രപ്രവർത്തകരുടെയും അവരുടെ മികവ് അംഗീകരിക്കുന്നവരുടെയും വലിയ പ്രതിഷേധത്തിനിടയാക്കിയിരിക്കുന്നു. പട്ടികജാതി, പട്ടികവർഗക്കാർക്കും സ്ത്രീകൾക്കും സിനിമയെടുക്കാൻ വെറുതെ പണം കൊടുക്കരുതെന്നും ഈ വിഭാഗങ്ങളിൽനിന്നു പടമെടുക്കാൻ വരുന്നവർക്ക് സിനിമ എങ്ങനെ ഉണ്ടാക്കണമെന്നതു സംബന്ധിച്ച് മൂന്നു മാസത്തെ തീവ്രപരിശീലനം നല്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവം.

സിനിമാനയം രൂപീകരിക്കാൻ തിരുവനന്തപുരത്തു സംഘടിപ്പിച്ച 'കേരളഫിലിം പോളിസി കോൺക്ലേവി'ന്റെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്തുള്ള പ്രസംഗത്തിത്തിനിടെ അദ്ദേഹം നടത്തിയ ഈ പരാമർശം എന്തുദ്ദേശ്യത്തിലാണെങ്കിലും, അതിൽ ഒരു വരേണ്യമനോഭാവം ആരെങ്കിലും ദർശിച്ചാൽ അവരെ കുറ്റംപറയാനാവില്ല. കലാമൂല്യത്തിന്റെ അടിസ്ഥാനത്തിൽ സിനിമകളെ കള്ളിതിരിക്കാൻ ആർക്കുമവകാശമുണ്ടെങ്കിലും സിനിമ നിർമിക്കുന്നവരെ വേലികെട്ടിത്തിരിക്കുന്നതുപോലായി അടൂരിന്റെ പരാമർശം. ഒരുപക്ഷേ, സാംസ്കാരികമന്ത്രിയിരിക്കുന്ന വേദിയിൽ സർക്കാർനയത്തിലെ ന്യൂനത ചൂണ്ടിക്കാണിക്കുകയായിരുന്നു തന്റെ ലക്ഷ്യമെങ്കിൽപ്പോലും, ജാതിപരാമർശമൊഴിവാക്കി, പണം ആർക്കുകൊടുത്താലും അത് അർഹിക്കുന്നവരുടെ കൈകളിലെത്തണം എന്ന നീതിപൂർവകമായ ഒരു പ്രസ്താവം നടത്താൻ എന്തുകൊണ്ട് അടൂരിനു കഴിയാതെ പോയി എന്നതു പ്രസക്തമായ ചോദ്യമാണ്. പകരം വനിതകളുടെയും പിന്നാക്കജനതയുടെയും പേരെടുത്തുപറഞ്ഞതുവഴി അവരിൽ തനിക്കുള്ള അവിശ്വാസമോ അതൃപ്തിയോ ആണു പുറത്തുവന്നത്.

പൊതുപ്പണം പാഴാക്കണമെന്ന് ആരും പറയില്ല. ഒന്നരക്കോടിയുടെ സഹായം തീർച്ചയായും അർഹിക്കുന്ന കൈകളിൽത്തന്നെ എത്തണം. ചലച്ചിത്രവികസനകോർപറേഷന്റെ ധനവിനിയോഗത്തിൽ പാകപ്പിഴയുണ്ടെങ്കിൽ അതായിരുന്നു ചൂണ്ടിക്കാണിക്കേണ്ടിയിരുന്നത്; പക്ഷേ, പറഞ്ഞ വാക്കുകൾ, വനിതകളും പട്ടികജാതി പട്ടികവർഗക്കാരും കഴിവുകെട്ടവരാണെന്ന പ്രതീതി സൃഷ്ടിക്കുന്നതായി. ഏതായാലും, അടൂർ പങ്കുവച്ചത് അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമാണെന്നു സജി ചെറിയാൻ അതേ വേദിയിൽത്തന്നെ പ്രതികരിച്ചു. സദസ്സിൽനിന്നുതന്നെയും അടൂരിന്റെ പ്രസംഗത്തിനെതിരേ കടുത്ത വിമർശനങ്ങളുയർന്നു. സംവിധായകൻ ഡോ. ബിജുവിനെ സദസ്യർ ചൂണ്ടിക്കാട്ടി. സിനിമയെടുത്താണു പഠിക്കുന്നതെന്ന് ഗായിക പുഷ്പവതി സദസ്സിൽ എഴുന്നേറ്റുനിന്നു പ്രതിഷേധിച്ചു. താൻ സിനിമ പഠിച്ചത് സിനിമയെടുത്താണെന്നു പറയാൻ ശ്രീകുമാരൻതമ്പിയും മടിച്ചില്ല. അടൂരിന്റെ ചലച്ചിത്രസങ്കല്പങ്ങൾ എത്ര ഉന്നതമാണെങ്കിലും സാമൂഹികകാഴ്ചപ്പാടിന്റെ ഉയരവും ആഴവും അത്രത്തോളം വരില്ലെന്ന് ആളുകളെക്കൊണ്ടു പറയിപ്പിക്കാനേ ആ പ്രസംഗം ഉതകിയുള്ളൂ എന്നതു ഖേദകരമാണ്.

നമുക്കറിയാം, സവർണമേധാവിത്വവും സാമൂഹികപിന്നാക്കാവസ്ഥയും സമസ്തമേഖലകളിലും ഇന്നും നിലനില്ക്കുന്നു. സിനിമാമേഖലയും അതിൽനിന്ന് ഒട്ടും ഭിന്നമല്ല. രാഷ്ട്രീയം കഴിഞ്ഞാൽ പണാധിപത്യം കൊടികുത്തിവാഴുന്ന ഒരു മേഖലയാണു സിനിമ. കഴിവുണ്ടായാൽ മാത്രം പോരാ, പണവും സാഹചര്യവും ഒത്തിണങ്ങണം; സാമൂഹികസുരക്ഷയുണ്ടാവണം. ഇതൊന്നുമില്ലാത്ത, അരക്ഷിതമായ സാഹചര്യങ്ങളിൽനിന്നു പിന്നാക്കക്കാരനെ കരകയറ്റാനാണു സംവരണം ഇന്നും തുടരുന്നത്. അതുതന്നെയാണ് മന്ത്രി സജി ചെറിയാൻ പറഞ്ഞതും: പതിറ്റാണ്ടുകളായി പട്ടികവിഭാഗങ്ങൾക്കു സിനിമയുടെ മുഖ്യധാരയിലെത്താൻ കഴിഞ്ഞിട്ടില്ല.

സിനിമാരംഗത്തു പിന്നാക്കക്കാരനിൽനിന്നു വ്യത്യസ്തമല്ല വനിതകളുടെ നിലയുമെന്ന് ഇന്ന് എല്ലാവർക്കുമറിയാം. ആ രംഗത്തു സ്ത്രീകൾ നേരിടുന്ന അവഗണനയും ചൂഷണവും പീഡനങ്ങളും അന്വേഷിക്കുന്നതിനാണല്ലോ ഇവിടെ ഒരു ഹേമ കമ്മിറ്റിതന്നെ സൃഷ്ടിക്കപ്പെട്ടത്. ആ കമ്മിറ്റിറിപ്പോർട്ട് എവിടെപ്പോയെന്ന് ആർക്കുമറിയില്ല. മന്ത്രി പറയുന്നത് ഹേമകമ്മിറ്റി റിപ്പോർട്ട് എവിടെയും പോയിട്ടില്ലെന്നും അതിന്റെ ഫലമായാണ് കോൺക്ലേവു നടത്തിയതെന്നുമാണ്. അതെന്തുമാകട്ടെ, ആ കോൺക്ലേവിലാണ് അടൂർ ഗോപാലകൃഷ്ണൻ മേല്പറഞ്ഞ വിവാദമുയർത്തിയത്. മറ്റൊന്നുകൂടി അദ്ദേഹം പറഞ്ഞു: "അച്ചടക്കം കൊണ്ടുവരാൻ ശ്രമിച്ചതിനാണ് കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിൽ സമരം നടന്നത്. നശിച്ചുകിടന്ന സ്ഥാപനത്തെ ഇന്ത്യയിലെ ഒന്നാം നമ്പറായി മാറ്റുന്നതിനിടെയായിരുന്നു സമരം. ആ സ്ഥാപനത്തെ ഇപ്പോൾ ഒന്നുമല്ലാതാക്കി." ഇതൊന്നും തള്ളിക്കളയണമെന്ന് ഞങ്ങൾക്കഭിപ്രായമില്ല; ചർച്ച ചെയ്യണം. അതുപോലെതന്നെ, പണം കൊടുക്കുന്നതിൽ ഭരണകക്ഷി രാഷ്ട്രീയതാത്പര്യങ്ങൾ കടന്നുകൂടരുതെന്നും പണം ജനങ്ങളുടേതായതിനാൽ അതിന് ഓഡിറ്റിങ് ഉണ്ടാകണമെന്നും മറ്റുമുള്ള അടൂരിന്റെ ക്രിയാത്മകനിർദേശങ്ങളും തുറന്ന മനസ്സോടെ കാണാൻ മടിക്കേണ്ടതില്ല.

പട്ടികവിഭാഗങ്ങളും സ്ത്രീകളും ഒരു സിനിമയെടുത്ത് അപ്രത്യക്ഷരാകേണ്ടവരല്ലെന്നും അവർ സിനിമയിൽ ഉയർന്നുവരാൻവേണ്ടിയാണ് തീവ്രപരിശീലനം വേണമെന്നു പറഞ്ഞതെന്നുമാണ് അടൂരിന്റെ പുതിയ ഭാഷ്യം. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധി മാനിച്ചുകൊണ്ടുതന്നെ പറയട്ടെ, ആരായാലും നാലാൾകൂടുന്നിടത്തു നാവു വളയ്ക്കുമ്പോൾ, സ്വയംപര്യാപ്തത സ്വപ്നം കണ്ടും അംഗീകാരങ്ങൾ ആശിച്ചും അടിച്ചമർത്തപ്പെട്ട സർഗവാസനകളുമായി, സിനിമയുടെ ആകാശങ്ങളിൽ പാറിപ്പറക്കാൻ കൊതിക്കുന്ന, അവഗണിക്കപ്പെട്ട ഒരു ന്യൂനപക്ഷം സമൂഹത്തിന്റെ പരിസരങ്ങളിലുണ്ടെന്നു നാം മറന്നുപോകരുത്.

# ആധുനികതയുടെ പുതിയ മുഖവുമായി പാലാ സെന്റ് തോമസ് പ്രസ് സമുച്ചയം നവീകരിച്ചു

പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന സെന്റ് തോമസ് ആർട്ട് ഗാലറിയും ഡിവോഷണൽ ആർട്ടിക്കിൾസ് സെന്ററുമടങ്ങുന്ന സമുച്ചയം കാലഘട്ടത്തിനിണങ്ങും വിധം അത്യാധുനികരീതിയിൽ നവീകരിച്ചിരിക്കുന്നു. ഇതോടെ, പൂർണമായും ശീതീകരിച്ച ഷോറൂമിനു പുതിയ മുഖം കൈവന്നിരിക്കുകയാണ്.



പുതിയ ഷോറൂമിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും ജൂലൈ 31 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പാലായുടെ വളർച്ചയിൽ വർഷങ്ങളുടെ പാരമ്പര്യമുള്ള സെന്റ് തോമസ് പ്രസും അനുബന്ധസ്ഥാപനങ്ങളും വഹിക്കുന്ന പങ്ക് അവിസ്മരണീയമാണെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. കാലത്തിനൊപ്പം പുതിയ വികസനമാതൃകകളുമായി സഞ്ചരിക്കാൻ സെന്റ് തോമസ് പ്രസ് സ്ഥാപനങ്ങൾക്കു കഴിയുന്നത് ഏറെ അഭിനന്ദനീയമാണെന്നും അദ്ദേഹം പറഞ്ഞു.

സെന്റ് തോമസ് പ്രസ് മാനേജർ ഫാ. സിറിയക് തടത്തിൽ തന്റെ സ്വാഗതപ്രസംഗത്തിൽ വളർച്ചയുടെ പാതയിൽ പ്രസ് പിന്നിട്ട വഴികൾ സമ്യക്കായി വിവരിക്കുകയുണ്ടായി. മുൻ രൂപതാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ, മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ചാൻസലർ ഫാ. ജോസഫ് കുറ്റിയാങ്കൽ, പ്രൊക്യുറേറ്റർ ഫാ. ജോസഫ് മുത്തനാട്ട് തുടങ്ങി നിരവധി വൈദികരും സിസ്റ്റേഴ്സും വ്യാപാരസുഹൃത്തുക്കളും ചടങ്ങിൽ സംബന്ധിച്ചു. സെന്റ് തോമസ് പ്രസ് അസി. മാനേജർ ഫാ. മാത്യു തെന്നാട്ടിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

ദൈവാലയങ്ങൾക്കും കുടുംബങ്ങൾക്കും ഉപയുക്തമായ തിരുസ്വരൂപങ്ങൾ, ജപമാലകൾ, ഫോട്ടോ ഫ്രെയിമുകൾ, തിരിക്കാലുകൾ, രൂപക്കൂടുകൾ, മുത്തുക്കുടകൾ, പൊൻ-വെള്ളിക്കുരിശുകൾ, സക്രാരി, അരുളിക്ക, ആത്മീയ-ആരാധനക്രമഗ്രന്ഥങ്ങൾ, തിരുവസ്ത്രങ്ങൾ, കാസാ, പീലാസ തുടങ്ങി ഒട്ടനേകം ഭക്തസാധനങ്ങളുടെയും സ്റ്റേഷനറിയിനങ്ങളുടെയും അതിവിപുലമായ ശേഖരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. വിവിധ തരത്തിലുള്ള പെയിന്റിങ്ങുകളും കലാശില്പങ്ങളുംകൊണ്ടു സമ്പന്നമായ ആർട്ടുഗാലറിയും പുതിയ ഷോറൂമിനെ ആകർഷകമാക്കുന്നു.



# ഇസ്രയേൽ രൂപം കൊള്ളുന്നു

ഡോ. കുര്യാസ് കുമ്പളക്കുഴി

ഇസ്രയേൽ ഒരു ചരിത്രവിസ്മയം 3

യഹൂദർ ഇട്ടെറിഞ്ഞുപോന്ന പലസ്തീനയിലേക്ക് അറബ്ജനത കടന്നുകയറി. ഏഴാം ശതകത്തിൽ ഇസ്ലാം മതം നിലവിൽ വന്നതോടെ അവരിൽ ഭൂരിഭാഗവും മുസ്ലീങ്ങളായി. അങ്ങനെയാണു പലസ്തീൻ ഒരു മുസ്ലീംരാഷ്ട്രം എന്നറിയപ്പെട്ടുതുടങ്ങിയത്. ദീർഘകാലം ഒരു ജനത ഒരു ഭൂഭാഗത്തു കുടിപാർത്തുകഴിയുമ്പോൾ ആ പ്രദേശം അവരുടേതാണെന്ന് അവർ അവകാശപ്പെടും; മറ്റുള്ളവരും അതംഗീകരിച്ചുകൊടുക്കും. പിന്നീടെപ്പോഴെങ്കിലും ആ പ്രദേശം വിട്ടൊഴിഞ്ഞുപോയ ആദ്യജനവിഭാഗം മടങ്ങിയെത്തിയാൽ അവർ കൈയേറ്റക്കാരായും കുടിയേറ്റക്കാരായും ആക്ഷേപിക്കപ്പെടും. ഇസ്രയേലിന്റെ കാര്യത്തിൽ അതാണു സംഭവിച്ചത്.

എ.ഡി. 70 നു ശേഷം പലസ്തീനിൽ വന്നു താമസമാക്കിയ അറബികളുടെ പിൻമുറക്കാർക്കു പലസ്തീൻ തങ്ങളുടെ ജന്മഭൂമിയാണെന്നു തോന്നിയതിൽ അദ്ഭുതമില്ല. അവിടേക്കു തിരിച്ചെത്തിയ യഹൂദർക്ക് അതു തങ്ങളുടെ പിതാക്കന്മാരുടെ ഭൂമിയായിരുന്നു എന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. യഹൂദരുടെ എണ്ണം കൂടുന്തോറും പലസ്തീനികളുടെ ആശങ്ക ഏറിവന്നു. അതു പതുക്കെപ്പതുക്കെ അറബ് - യഹൂദസംഘർഷത്തിനു കാരണമായി.

ചരിത്രപരമായി നോക്കിയാൽ ഇരുകൂട്ടരെയും കുറ്റപ്പെടുത്താനാവില്ല. ഇസ്ലാംമതസ്ഥാപനകാലം മുതൽ പലസ്തീൻ ഒരു മുസ്ലീം ഭൂരിപക്ഷപ്രദേശമായി മാറിയിരുന്നു. തുടർന്നുള്ള 400 വർഷക്കാലം പലസ്തീൻ ഖലീഫമാരുടെ ഭരണത്തിലായിരുന്നു. 12, 13 ശതകങ്ങളിലുണ്ടായ കുരിശുയുദ്ധങ്ങൾക്കു ശേഷം 500 വർഷക്കാലം പലസ്തീനാ തുർക്കികളുടെ ഭരണത്തിലമർന്നു. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ പലസ്തീനാ ബ്രിട്ടന്റെ കോളനിയായി.

1936 ൽ ബ്രിട്ടീഷ് ഗവണ്മെന്റ് പലസ്തീൻപ്രശ്നം പഠിക്കാൻ ലോർഡ് വില്യം റോബർട്ട് പീൽ അധ്യക്ഷനായി ഒരു അഞ്ചംഗ കമ്മീഷനെ നിയമിച്ചു. ഒരു നിയമജ്ഞനും മാധ്യമപ്രവർത്തകനുംകൂടിയായിരുന്ന പീൽ അന്ന് ബ്രിട്ടീഷ്പാർലമെന്റംഗവുമായിരുന്നു. പ്രശ്നം വിശദമായി പഠിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ നിർണായകമായ ഒരു ശിപാർശയുണ്ടായിരുന്നു. അറബിരാജ്യമെന്നും യഹൂദരാജ്യമെന്നും പലസ്തീനായെ രണ്ടു സ്വതന്ത്രരാഷ്ട്രങ്ങളായി വിഭജിക്കുക.

കമ്മീഷൻ റിപ്പോർട്ടിനെതിരെ പലസ്തീനിലെ മുസ്ലീം വിഭാഗം ശക്തമായി പ്രതിഷേധിച്ചെങ്കിലും യഹൂദവിഭാഗം പ്രതീക്ഷയിലായിരുന്നു. സയണിസ്റ്റുനേതാക്കൾ ലോകരാഷ്ട്രങ്ങൾക്കുമേൽ യഹൂദരാജ്യത്തിനുവേണ്ടി സമ്മർദം ശക്തിപ്പെടുത്തി. പ്രശ്നം ഐക്യരാഷ്ട്രസഭയുടെ മുമ്പിലെത്തിയപ്പോൾ, രാജ്യവിഭജനമാണു പ്രശ്നപരിഹാരത്തിനു നല്ലതെന്ന പൊതുധാരണയുമുണ്ടായി.

ഒടുവിൽ, 1947 നവംബർ 29 നു ചേർന്ന ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 181-ാം നമ്പർ പ്രമേയത്തിലൂടെ പലസ്തീൻവിഭജനം തത്ത്വത്തിൽ അംഗീകരിച്ചു. പലസ്തീൻ അറബികൾക്കും യഹൂദർക്കുമായി വിഭജിച്ചു നല്കുക.

ഈ തീരുമാനം പലസ്തീനികൾക്ക് ഒട്ടും സ്വീകാര്യമായിരുന്നില്ല. പലസ്തീനിൽ വൻ പ്രതിഷേധപ്രകടനങ്ങൾ അരങ്ങേറി.

അതേസമയം യഹൂദർ തീരുമാനത്തെ സ്വാഗതം ചെയ്തു. എങ്കിലും ദ്വിരാഷ്ട്രരൂപീകരണത്തിനു പിന്നെയും താമസമുണ്ടായി. പലസ്തീനുമേലുള്ള ബ്രിട്ടീഷ്ഭരണത്തിന്റെ കാലാവധി അവസാനിക്കുന്ന 1948 മേയ് 14 വരെ അവർ കാത്തിരിക്കേണ്ടി വന്നു. അന്നേ ദിവസംതന്നെ യഹൂദദേശീയ സമിതിയും സയണിസ്റ്റു ജനറൽ കൗൺസിലും ടെൽ അവീവിൽ സമ്മേളിച്ച് ഇസ്രയേൽ രാഷ്ട്രം സ്ഥാപിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടത്തി. ഡേവിഡ് ബൻഗൂറിയൻ ആദ്യപ്രധാനമന്ത്രി; ഡോ. ചെയിംവെയ്സ്മാൻ പ്രസിഡന്റും. അമേരിക്ക ഉടൻതന്നെ ഇസ്രയേൽരാഷ്ട്രത്തിന് അംഗീകാരം നൽകി. പിറ്റേവർഷം, 1949 മേയ് 11 ന് ഇസ്രയേലിന് യു.എൻ. അംഗത്വവും ലഭിച്ചു. 22072 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 20 ലക്ഷം ജനങ്ങളും മാത്രമുള്ള ഒരു കൊച്ചുരാജ്യം. (കേരളത്തിന്റെ വിസ്തൃതി 38863 ചതുരശ്രകിലോമീറ്ററാണ്. കോട്ടയം ജില്ലയിൽ മാത്രം 20 ലക്ഷത്തോളം ജനങ്ങളുമുണ്ട്.)

> പുതിയ രാഷ്ട്രരൂപീകരണം പലസ്തീൻ പ്രശ്നത്തിന്, അന്തിമപരിഹാരമായില്ല. പുതിയ പ്രശ്നങ്ങളുടെ തുടക്കമായിരുന്നു. അറബ്‌രാജ്യങ്ങൾ ഇസ്രയേലിനെ ശൈശവഘട്ടത്തിൽത്തന്നെ ഞെക്കിക്കൊല്ലാൻ കച്ചകെട്ടിയിറങ്ങി.

പലസ്തീനിലെ മുസ്ലീം ജനതയുടെ എതിർപ്പവഗണിച്ച് പുതിയ യഹൂദരാഷ്ട്രത്തിനു രൂപം നൽകിയതു സമീപസ്ഥമായ അറബ്‌രാജ്യങ്ങൾക്കൊന്നും ദഹിക്കുന്നതായിരുന്നില്ല. പ്രബലമുസ്ലീംരാജ്യങ്ങളായ ജോർഡാൻ, ലെബനോൻ, സിറിയ, ഈജിപ്ത് എന്നിവയുടെ നടുവിലാണ്. ഇസ്രയേൽ എന്ന കൊച്ചുരാജ്യം 22000 ചതുരശ്രമൈൽ വിസ്തൃതിയും 20 ലക്ഷത്തിൽ താഴെ ജനങ്ങളുമായി ലോകഭൂപടത്തിൽ ഇടം നേടിയത്. ഏതു നിമിഷവും ചാടിവീഴാവുന്ന കണ്ടൻപൂച്ചകൾക്കു നടുവിൽപ്പെട്ട ചുണ്ടെലിപോലെ!

പുതിയ രാഷ്ട്രരൂപീകരണം പലസ്തീൻപ്രശ്നത്തിന്, അന്തിമപരിഹാരമായില്ല. പുതിയ പ്രശ്നങ്ങളുടെ തുടക്കമായിരുന്നു. അറബ്‌രാജ്യങ്ങൾ ഇസ്രയേലിനെ ശൈശവഘട്ടത്തിൽത്തന്നെ ഞെക്കിക്കൊല്ലാൻ കച്ചകെട്ടിയിറങ്ങി. മധ്യപൂർവദേശത്തെ അന്നത്തെ ഏറ്റവും ശക്തനായ ഭരണാധികാരി ഈജിപ്ഷ്യൻ പ്രസിഡന്റ് ഗമാൽ അബ്ദുൾ നാസർ തന്നെ ഇസ്രയേലിനെ തുടച്ചുനീക്കുമെന്നു പ്രഖ്യാപിച്ചു. പലസ്തീൻ ഇസ്ലാമിക് ജിഹാദ് പോലുള്ള തീവ്രവാദസംഘടനകളും ഇസ്രയേൽസംഹാരം മുഖ്യലക്ഷ്യമായി പ്രഖ്യാപിച്ചു. യുദ്ധം കൂടാതെതന്നെ ഇസ്രയേലിനെ ശ്വാസംമുട്ടിച്ചുകൊല്ലാമെന്നു സ്വപ്നം കണ്ടവരും അറബ്നേതാക്കൾക്കിടയിൽ ഉണ്ടായിരുന്നു.

എന്നാൽ, അതിനൊക്കെ സമയം നോക്കി കാത്തിരിക്കാൻ അറബ്‌രാജ്യങ്ങൾക്കു ക്ഷമയുണ്ടായില്ല. ഇസ്രയേൽ രാഷ്ട്രം നിലവിൽ വന്നതായി പ്രഖ്യാപിച്ച 1948 മേയ് 14 ന്റെ അടുത്തദിവസംതന്നെ അറബ്സൈന്യം ഇസ്രയേലിന്റെ മേൽ ചാടിവീണു. വളരെ എളുപ്പം ഇസ്രയേലിന്റെ ഭൂവിഭാഗങ്ങൾ പിടിച്ചടക്കാമെന്നും യഹൂദരെ മുഴുവൻ അവിടെനിന്നു പുറത്താക്കാമെന്നുമായിരിക്കാം അറബ്‌രാജ്യങ്ങൾ കണക്കുകൂട്ടിയത്. ഇതൊക്കെ മുന്നിൽക്കണ്ടുകൊണ്ടുള്ള ഒരുക്കങ്ങൾ ഇസ്രയേൽ നടത്തിയിരുന്നിരിക്കണം. ലോകമഹായുദ്ധത്തിൽ പങ്കെടുത്ത പരിചയസമ്പന്നരായ യഹൂദസൈനികരും ഉണ്ടായിരുന്നിരിക്കാം. പിന്നെ അമേരിക്കയും ബ്രിട്ടണും കൊടുത്ത അത്യാധുനിക ആയുധങ്ങളും ഇസ്രയേലിന്റെ കൈവശമുണ്ടായിരുന്നല്ലോ.



പലസ്തീനെ പിന്തുണയ്ക്കാൻ ഈജിപ്ത്, ജോർദാൻ, ഇറാക്ക്, യമൻ, സൗദി അറേബ്യ, ലെബനോൻ, പാക്കിസ്ഥാൻ, സുഡാൻ, സിറിയ എന്നീ രാജ്യങ്ങളുണ്ടായിരുന്നു. അങ്ങനെ പ്രത്യക്ഷത്തിൽ പിന്തുണയ്ക്കാൻ ഇസ്രയേലിന് ആരുമുണ്ടായിരുന്നില്ല. എങ്കിലും, യുദ്ധഗതി ഇസ്രയേലിന് അനുകൂലമായിരുന്നു. ആ കൊച്ചുരാജ്യത്തിന്റെ ചെറുസൈന്യത്തോടു പിടിച്ചുനിൽക്കാൻ വലിയ രാജ്യങ്ങളുടെ വൻ സൈന്യത്തിനു കഴിഞ്ഞില്ല. എല്ലാ യുദ്ധമുഖങ്ങളിലും ഇസ്രയേൽസൈന്യം അതിർത്തി കടന്ന് അയൽരാജ്യങ്ങളിലേക്ക് ഇരച്ചുകയറി. മേയ് അവസാനം യുദ്ധം അവസാനിക്കുമ്പോൾ ഇസ്രയേലിന്റെ വിസ്തൃതി ഇരട്ടിയിലധികമായിക്കഴിഞ്ഞിരുന്നു. അമേരിക്കയുടെയും മറ്റും മധ്യസ്ഥതയിൽ യുദ്ധാനന്തരഘട്ടത്തിൽ പിടിച്ചടക്കിയ ഭൂമി അതതു രാജ്യങ്ങൾക്കു വിട്ടുകൊടുക്കാൻ ഇസ്രയേൽ തയ്യാറായി.

ശേഷം 14-ാം പേജിൽ


**സാഹിത്യവിചാരം**



ഡോ. തോമസ് സ്കറിയ

# മാനവികതയുടെ തിരുവെഴുത്തുകൾ

**വിനായക് നിർമലിന്റെ അമ്മച്ചൂണ്ട എന്ന പുതിയ കഥാസമാഹാരത്തെക്കുറിച്ച്**



എല്ലാ ആഖ്യാനങ്ങളുടെയും അന്തർലീനസവിശേഷതയായ കഥപറച്ചിലില്ലാതെ, ധാർമികതയുടെ സിദ്ധാന്തമില്ല എന്നു ഹെൻറി മില്ലർ വിശ്വസിച്ചു. അദ്ദേഹത്തിന്റെ ആദ്യപടി, ഭാഷയുമായും ആഖ്യാനവുമായും ധാർമികതയ്ക്ക് ഒരു പ്രത്യേക ബന്ധമുണ്ടെന്നു സ്ഥാപിക്കുകയായിരുന്നു. അങ്ങനെയാണ് 'കഥപറച്ചിലില്ലാതെ ധാർമികതയുടെ സിദ്ധാന്തമില്ല' എന്നു മില്ലർ വ്യക്തമാക്കിയത്. തീർച്ചയായും, 'കഥകളിൽ ധാർമികസാഹചര്യങ്ങളുടെയും വിധിന്യായങ്ങളുടെയും പ്രമേയപരമായ നാടകവത്കരണം അടങ്ങിയിട്ടുണ്ട്. ധാർമികത ഒരു അന്തർബലമാണ്. ആഖ്യാനത്തിൽ മാത്രമേ അതു പ്രകടിപ്പിക്കാൻ കഴിയൂ' എന്നും അദ്ദേഹം വാദിക്കുന്നു.

ആഖ്യാനങ്ങൾ ധാർമികനിയമങ്ങൾ നടപ്പിലാക്കുകയല്ല, അവയെക്കുറിച്ച് ഓർമിപ്പിക്കുകയാണ്. മില്ലറെ സംബന്ധിച്ചിടത്തോളം, ധാർമികമോ സദാചാരപരമോ ആയ നിയമങ്ങൾ ആഖ്യാനരൂപത്തിൽമാത്രമേ വ്യാപ്തി ആർജിക്കൂവെന്നതായിരുന്നു നിലപാട്. ധാർമികത എന്നത് വെറുമൊരു ഭാഷാരൂപമല്ല; മറിച്ച്, മാനവസ്നേഹത്തിന്റെ ഒരു രീതിയാണ്. ചുരുക്കത്തിൽ ഒരു കഥയിൽ ധാർമികത എന്നത് നമ്മൾ നമ്മളോടും നമ്മുടെ ചുറ്റുമുള്ളവരോടും പറയുന്ന കഥകളുടെ ഒരു രൂപമാണ്. മനുഷ്യൻ സ്വഭാവത്താൽ ഒരു സാമൂഹികജീവിയാണ്. നമ്മുടെ ധാർമിക സ്വഭാവം സാമൂഹികസ്വഭാവത്തിൽനിന്ന് നേരിട്ടു വളരുന്നു. മറ്റുള്ളവരുടെ ദുരവസ്ഥയിൽ സഹതാപം പ്രകടിപ്പിക്കുന്നത് അവരുടെ നന്മയെ നമ്മൾ വിലമതിക്കുന്നതിനാലാണ്. നമ്മുടെ സഹവാസയോഗ്യമായ ഗുണങ്ങളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താൻ നമ്മൾ ആഗ്രഹിക്കുന്നു. കാരണം, മറ്റുള്ളവരുടെ കൂട്ടത്തിലല്ലാത്തപ്പോഴും നമുക്ക് അവരുടെ വേദനയനുഭവിക്കാൻ കഴിയും.

മറ്റുള്ളവരുടെ വികാരങ്ങളോടുള്ള ഈ സഹജമായ സംവേദനക്ഷമത മനുഷ്യരിൽ വളരെ ശക്തമാണ്. അതു മനസ്സിലാക്കാനും വിശ്വസിക്കാനും കഴിയാതെ ചിലർ ഇരുട്ടിൽ വീണുപോകുന്നു. മറ്റുള്ളവരുടെ കണ്ണിൽ നമ്മൾ എങ്ങനെ കാണപ്പെടുന്നുവെന്നു ചിന്തിക്കാത്ത ഒരു സമയം ഉണർന്നിരിക്കുമ്പോൾ നമ്മളിൽ വളരെ കുറവാണ്. സാമൂഹികത നമ്മുടെ ധാർമികബോധത്തെ സൃഷ്ടിക്കുന്നു. എല്ലാ മനുഷ്യരുടെയും സ്ഥിരമായ നിലനില്പാണ് സാമൂഹികാസ്തിത്വം. ആ സ്ഥിരമായ സാമൂഹികാസ്തിത്വത്തിന്റെ ഉദാത്തമായ കഥകളാണ് വിനായക് നിർമൽ എഴുതുന്നത്. ഒരു വ്യക്തി പക്വതയിലെത്തുമ്പോൾ ധാർമികമായ ഉത്തരവാദിത്വം സ്വീകരിച്ചുകൊണ്ട് പക്വത തെളിയിക്കുന്നതുപോലെ വിനായക് നിർമൽ ധാർമികമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന കഥാകാരനായി ഈ സമാഹാരത്തിൽ പക്വത തെളിയിച്ചിരിക്കുന്നു.

കഥയുടെ പ്രസക്തി മനുഷ്യാനുഭവങ്ങളുടെ ഉണർവുകൾ ആവിഷ്കരിക്കുന്നതിലാണ്. കഥകൾ പരിവർത്തനാത്മകമാണെന്നു വിനായക് നിർമലിനു വ്യക്തമായി അറിയാം. കഥകൾ ആളുകളെ അനുഭവങ്ങളെക്കുറിച്ചു ചിന്തിക്കാനും കൂടുതൽ ആഴത്തിൽ അനുഭവിക്കാനും നല്ലതോ ചീത്തയോ എന്നു വിലയിരുത്താനും സഹായിക്കുന്നു. ഭാവനാത്മകപങ്കാളിത്തം ക്ഷണിക്കുന്നതിനും ജീവിതത്തിന്റെ ബദൽദർശനങ്ങളിലേക്കു ശ്രദ്ധയാകർഷിക്കുന്നതിനുമുള്ള കഥയുടെ കഴിവിൽ അവയുടെ പരിവർത്തനപരതയും വെളിപ്പെടുത്തൽ ശക്തികളും പ്രകടമാണ്.

ഈ ബദൽ ദർശനങ്ങളെക്കുറിച്ചു ശ്രദ്ധേയമായത്, അവ നമ്മുടെ സാധാരണജീവിതത്തിലെ കഠിനാധ്വാനത്തിലും വേദനയിലും ഉള്ളതിനേക്കാൾ തീവ്രതയോടെ ആഖ്യാനത്തിൽ കൊണ്ടുവരാനാകുമെന്നതാണ്. "മറ്റുള്ളവരെക്കുറിച്ചും അവരുടെ പ്രവൃത്തികൾക്കും പ്രതികരണങ്ങൾക്കും പിന്നിലെ പ്രചോദനങ്ങളെക്കുറിച്ചും സഹാനുഭൂതിയോടെ മനസ്സിലാക്കാൻ സഹായിക്കുന്നതിലൂടെ സാഹിത്യം പ്രവർത്തിക്കുന്നു. സാഹിത്യമൂല്യം ചലനാത്മകതയുടെ ഉത്പന്നമാണ്." അതിനാൽ, തിരുവെഴുത്തുകളുമായുള്ള സാഹിത്യത്തിന്റെ ഇടപെടൽ മനുഷ്യന്റെ സർഗാത്മകതയുടെ പ്രതികരണമാണ്. ബൈബിളിനോടും അതിലെ സന്ദർഭങ്ങളോടുമുള്ള ചലനാത്മകസമീപനത്തിൽ ഉൾക്കൊള്ളുന്ന ചൈതന്യം, വ്യത്യസ്ത സാമൂഹിക രാഷ്ട്രീയ അജണ്ടകളെ മുൻനിർത്തി ബൈബിൾ എന്ന വിശുദ്ധഗ്രന്ഥത്തോടു പ്രതികരിക്കാനും മനുഷ്യാവസ്ഥയിലെ സങ്കീർണതകൾ പര്യവേക്ഷണം ചെയ്യാനും കലാകാരന്മാരെയും സർഗാത്മക എഴുത്തുകാരെയും പ്രചോദിപ്പിക്കുന്നു. അത്തരം പ്രചോദനം വിനായക് നിർമലിനുണ്ട്. അദ്ദേഹത്തിന്റെ കഥകൾ ദൈവശാസ്ത്രപരമോ ധാർമികമോ ആയ നിർദേശങ്ങൾക്കായുള്ള തിരയലല്ല. കാരണം, കഥകൾ നിർദേശാത്മകമോ ഉത്തരങ്ങൾ നൽകുക എന്ന ലക്ഷ്യമോ ഉള്ളവയല്ല എന്ന് അദ്ദേഹത്തിനറിയാം. എന്നിരുന്നാലും അവയിൽ ഉൾച്ചേർത്തിരിക്കുന്ന വിഷയങ്ങൾ ഉത്തേജിപ്പിക്കുന്ന ധാർമികതയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഈ സമാഹാരത്തിലെ ഓരോ കഥകൾക്കുമുണ്ട്. തത്ത്വചിന്ത, ദൈവശാസ്ത്രം, മാനസികാവസ്ഥ എന്നിവയിൽ കാണപ്പെടുന്ന സാംസ്കാരിക വ്യവഹാരങ്ങളുമായി അദ്ദേഹം കഥകളെ ബന്ധിപ്പിക്കുന്നു.

സാഹിത്യനിരൂപകയും ദൈവശാസ്ത്രജ്ഞയുമായ കാതറിൻ വാലസ് കവിയുടെയും സർഗാത്മക എഴുത്തുകാരന്റെയും വിളി എങ്ങനെ കാണുന്നു എന്നതുമായി ഇത് വളരെ യോജിക്കുന്നു. അവരുടെ അഭിപ്രായത്തിൽ, 'യഥാർഥ വസ്തുതയുടെയും യഥാർഥ ഓർമയുടെയും സാമുദായികമോ വ്യക്തിപരമോ ആകട്ടെ എല്ലാ കുഴപ്പങ്ങളും വരുത്തുന്ന പൊരുത്തക്കേടുകളുമെടുത്ത് അവയെ തിരഞ്ഞെടുത്തു ക്രമീകരിക്കുക, പരിഷ്കരിക്കുക, പുനർനിർമിക്കുക എന്നതാണ്. അതു ദർശനത്തിനുമാത്രം വെളിപ്പെടുത്താൻ കഴിയാത്ത വിശ്വാസത്തെ സൂചിപ്പിക്കുന്നു. വിനായക് നിർമലിന്റെ ചെറുകഥകളിൽ പ്രകടമാകുന്ന ലോകവീക്ഷണം ഈ വസ്തുതയെ പ്രതിഫലിപ്പിക്കുന്നു എന്നതാണ് അതിന്റെ മഹത്ത്വമെന്നു ചുരുക്കം. കഥയിൽ ധാർമികതയെ ചാലിച്ച് അദ്ദേഹം എഴുതുന്നു. അവ അന്യോന്യം ആശ്ലേഷിക്കുന്നു. അതിന്റെ സ്വരഭേദവ്യാപ്തിയിൽ ധർമപാകമായ കഥകൾ പിറക്കുന്നു. ധാർമികതയാണ് വിനായക് നിർമലിന്റെ സർഗാത്മകതയുടെ ഭാവനാധാരം.

ക്രിസ്മസിന്റെ പശ്ചാത്തലത്തിൽ എഴുതിയ കഥയാണ് മധുരം. ക്ഷമയുടെയും സഹനത്തിന്റെയും ദൈവാനുഭവത്തെ വെളിപ്പെടുത്തുന്ന ഒരു കഥയാണത്. വേർപിരിഞ്ഞ ദമ്പതികളെ ഒന്നിപ്പിക്കുന്ന അമ്മയുടെ, അമ്മയുടെ ഇടപെടലിൽ ജീവിതം തിരികെക്കിട്ടുന്ന ദമ്പതികളുടെ, ലോകത്തോടു നുണ പറഞ്ഞാലും അമ്മയോടു നുണ പറയാനാവില്ല എന്നു വിശ്വസിക്കുന്ന മകന്റെ ഒക്കെ കഥയാണ് മധുരം. അമ്മയുടെ വാക്കുകളെ അനുസരിക്കുമ്പോൾ ജീവിതത്തിൽ പ്രതീക്ഷയുടെയും പ്രത്യാശയുടെയും നക്ഷത്രം പ്രകാശിച്ചുതുടങ്ങുമെന്നു പറഞ്ഞവസാനിപ്പിക്കുന്ന മനോഹരമായ ഒരു കഥ. കര കുളം എന്ന കഥയിൽ എല്ലാ മനുഷ്യരുടെയും ജീവിതം മാറിമറിയുന്നത് ഏതെങ്കിലും ഒരു പ്രത്യേകബിന്ദുവിൽവച്ചായിരിക്കും എന്നു പറയുന്നുണ്ട്. പ്രത്യേകദിവസത്തിലോ സന്ദർഭത്തിലോ ആയിരിക്കും അതു സംഭവിക്കുന്നത്. അങ്ങനെയൊരു ദിവസമാണ് കര കുളം എന്ന കഥയാരംഭിക്കുന്നത്. സ്വവർഗലൈംഗികത എന്ന പാപത്തെക്കുറിച്ചുള്ള വിചാരങ്ങളിൽ ആടിയുലയുന്ന സനലിന്റെ കഥയാണ് കര കുളം. പാപത്തെക്കുറിച്ചു തികഞ്ഞ ബോധ്യമുള്ള സനലിന് സ്വവർഗഭോഗിയാകേണ്ടി വരുന്നത് എന്തുകൊണ്ടാണ്? പാപഭാരം ഇറക്കിവച്ചു ശുദ്ധനാകാൻ കൊതിക്കുന്ന സനലിനറിയാം, കർത്താവിന്റെ ക്രോധത്തിൽനിന്നു തനിക്കു രക്ഷപ്പെടാനാവില്ല. സതീഷിനെ ഇല്ലാതാക്കി അയാൾ ആ ഭൂലോകപാപത്തിൽനിന്നു മോചിതനാകുന്നു.

ധാർമികചിന്തയുള്ള ഒരു മകനെ അമ്മച്ചൂണ്ട എന്ന കഥയിലും കാണാം. അരുവിത്തുറ വല്യച്ചനോടു വലിയ ഭക്തിയുണ്ടായിരുന്ന അമ്മ മരണം കാത്തുകിടക്കുകയാണ്. അമ്മയോടുള്ള മകന്റെ കടപ്പാടിനെ ഈ കഥ ആവിഷ്കരിക്കുന്നു. പാലായുടെ പശ്ചാത്തലത്തിലെഴുതിയ പദ്യം മായ എന്ന സ്ത്രീയുടെ കഥയാണ്. ചുറ്റുപാടുകളെക്കുറിച്ച് ആധിയില്ലാതെ ജീവിക്കുന്നവളാണ് അവൾ. ധാർമികത കൈവിടാത്ത ഒരു ജീവിതമാണ് അവൾ നയിക്കുന്നത്. അവഗണനപോലെ ഇത്ര വേദന പകരുന്ന ഒരനുഭവമില്ല എന്ന തിരിച്ചറിവിൽ അവസാനിക്കുന്ന കഥയാണ് രണ്ടാം യാത്ര. നന്മയുടെ പ്രകാശം പരത്തുന്ന കഥകളാണ് വിനായക് നിർമൽ എഴുതുന്നത്.

**പരിചിതമായ ജീവിതപരിസരങ്ങളിൽനിന്നാണ് വിനായക് നിർമൽ കഥകൾ കണ്ടെടുക്കുന്നത്. ചില വിസ്മയങ്ങൾ വിതറി അവ അവസാനിക്കുകയും ചെയ്യുന്നു. അവയിൽ ഒളിവിതറിനിൽക്കുന്നത് നന്മയും കാരുണ്യവുമാണ്. ആഖ്യാനത്തിന്റെ ലാളിത്യം അവയ്ക്കു കാന്തി പകരുന്നു.**




*ശേഷം 11 പേജിൽ*

# ഛത്തീസ്ഗഡ് സംഭവത്തിന്റെ ബാലൻസ്ഷീറ്റ്



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

അവസാനം ഒമ്പതുദിവസത്തെ ജയിൽജീവിതത്തിനുശേഷം മലയാളികന്യാസ്ത്രീകൾ ദുർഗ് ജയിലിൽനിന്നു മോചിതരായി. മോചിതരായവരും അവരുടെ കുടുംബാംഗങ്ങളും മോചിപ്പിക്കാൻ ശ്രമിച്ചവരും ഒത്തുചേർന്ന് ആഹ്ലാദിക്കുന്നതു കണ്ടു. അപ്രതീക്ഷിതമായി ലോട്ടറി അടിക്കുമ്പോഴുണ്ടാകുന്നതുപോലുള്ള സന്തോഷം. ഉന്നതപരീക്ഷാവിജയം സംഭവിക്കുമ്പോഴും തിരഞ്ഞെടുപ്പുവിജയം ആഘോഷിക്കുമ്പോഴും കാണാറുള്ള സന്തോഷത്തിമിർപ്പ്. ആഹ്ലാദത്തിനുള്ള വക ഞാൻ കാണുന്നില്ല. ജയിൽമോചനം ആശ്വാസമാണെന്നു പറയാം. ആഹ്ലാദിക്കണമെങ്കിൽ ഇനിയും പല കാര്യങ്ങൾ അന്യായമായി കന്യാസ്ത്രീകളെ ജയിലിലടച്ചവരുടെ ഭാഗത്തുനിന്നുണ്ടാകണം. ഇതു തെറ്റുതിരുത്തലിന്റെ ആദ്യപടിയായി കരുതാം.

ജയിൽമോചിതരായെങ്കിലും കന്യാസ്ത്രീകൾ കുറ്റവിമുക്തരാക്കപ്പെട്ടിട്ടില്ല. വ്യാജമായി അവരുടെമേൽ ചുമത്തിയ എഫ്.ഐ.ആർ. റദ്ദു ചെയ്യണം. അവർക്കുണ്ടായ ശാരീരികമാനസിക പീഡനത്തിനും അവകാശനിഷേധത്തിനും അപമാനങ്ങൾക്കും പരിഹാരമുണ്ടാകണം. അതുമാത്രം പോരാ. വർഗീയതാത്പര്യങ്ങളുടെ പേരിൽ പ്രശ്നമുണ്ടാക്കിയ റെയിൽവേ ഉദ്യോഗസ്ഥനെയും അയാൾ വിളിച്ചുകൂട്ടിയ ബജറങ്ദൾ പ്രവർത്തകരെയും അവരുടെ ആജ്ഞാനുവർത്തികളായി വർത്തിച്ച പൊലീസുകാരെയും കേസ് എൻ.ഐ.എ.യ്ക്കു വിടാൻ ഗൂഢാലോചന നടത്തിയവരെയും നിയമത്തിനു മുമ്പിൽ കൊണ്ടുവരികയും സംസ്ഥാന സർക്കാർ തങ്ങൾക്കു സംഭവിച്ച പിഴവു സമ്മതിക്കുകയും കേന്ദ്ര സർക്കാർ ക്രൈസ്തവന്യൂനപക്ഷത്തോടു മാപ്പു പറയുകയും ചെയ്യുമ്പോഴാണ് ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ആത്മാവിനേറ്റ മുറിവ് ഉണങ്ങിത്തുടങ്ങുക. അതു സംഭവിക്കാത്തിടത്തോളം കാലം ആഹ്ലാദത്തിന് എന്തർഥം?

പാവപ്പെട്ട കന്യാസ്ത്രീകളുടെ അറസ്റ്റിലൂടെ ഭരണഘടനാവകാശങ്ങളുടെ നഗ്നമായ ലംഘനമാണ് സംഭവിച്ചത്. ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിൽ നിയമത്തിനു മുമ്പിൽ എല്ലാ പൗരന്മാരും തുല്യരാണെന്നും തമ്മിൽ വിവേചനം പാടില്ലെന്നും വ്യക്തമാക്കുന്നു. എന്നാൽ, ആ നീതി കന്യാസ്ത്രീകൾക്കു നിഷേധിക്കപ്പെട്ടു. ജാതിയുടെയോ മതത്തിന്റെയോ ലിംഗത്തിന്റെയോ പേരിൽ പൗരന്മാർക്കു വിവേചനം ഉണ്ടാകാൻ പാടില്ല. ക്രൈസ്തവർ ഈ രാജ്യത്തിന്റെ ഭാഗമാണ്. ചില നേതാക്കന്മാർ ആരോപിക്കുന്നതുപോലെ അവർ വിദേശികളല്ല, അഭയാർഥികളല്ല, നുഴഞ്ഞുകയറ്റക്കാരല്ല; പകരം ഇന്ത്യ എന്ന മഹത്തായ ആശയത്തെ ഹൃദയത്തിൽ സൂക്ഷിക്കുന്നവരും രാഷ്ട്രനിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെടുന്നവരുമാണ്. അവർ രാജ്യദ്രോഹികളല്ല, രാജ്യസ്നേഹികളാണ്. അവർ മതപരിവർത്തനം നടത്തുന്നവരല്ല. രാജ്യത്ത് മതപരിവർത്തനനിരോധനനിയമം വരുന്നതിനുമുമ്പുതന്നെ നിർബന്ധിതമതപരിവർത്തനത്തെ തെറ്റായി വിശ്വസിച്ചുപോന്നവരാണ്. മതപരിവർത്തനനിരോധനനിയമംതന്നെ രാജ്യം പൂർണമായി അംഗീരിച്ചിട്ടുള്ളതല്ല. 12 സംസ്ഥാനങ്ങളിൽ മാത്രമാണ് നിയമം പാസാക്കിയിട്ടുള്ളത്. നിർബന്ധത്തിന്റെയോ വാഗ്ദാനങ്ങളുടെയോ ഭീഷണിയുടെയോ വിവേചനഭയത്തിന്റെയോ പേരിൽ ഒരാളെ ഒരു മതത്തിൽനിന്നു മറ്റൊരു മതത്തിലേക്കു മാറ്റാൻ പാടില്ല എന്നതാണ് ഈ നിയമത്തിന്റെ സാരാംശം. ക്രൈസ്തവസഭ മതം മാറ്റാനല്ല, മനസ്സുമാറ്റാനാണ് ശ്രമിക്കുന്നത്. അതായത്, കൂടുതൽ നല്ല മനുഷ്യനായി ജീവിക്കാനുള്ള സഹായവും പരിശീലനവുമാണ് സഭ തന്റെ ശുശ്രൂഷയിലൂടെ നൽകുന്നത്.

> **കന്യാസ്ത്രീകളെ അറസ്റ്റു ചെയ്യുകവഴി ക്രൈസ്തവവിശ്വാസത്തെ ഇല്ലാതാക്കാൻ കഴിയുമെന്നു ചിന്തിച്ചവർക്കു തെറ്റി. കനലായി കിടന്നത് തീപ്പന്തമായി കത്തുന്നതിന് അതിടയാക്കി എന്നതാണ് സത്യം. മതപീഡനങ്ങളിലൂടെയാണ് ക്രൈസ്തവസഭ വളർന്നത്. സഭയുടെ ചരിത്രം വിശ്വാസസാക്ഷ്യത്തിന്റെയും മാനവപരിചരണത്തിന്റെയുമാണ്.**

കന്യാസ്ത്രീകളെ അറസ്റ്റു ചെയ്യുകവഴി ക്രൈസ്തവവിശ്വാസത്തെ ഇല്ലാതാക്കാൻ കഴിയുമെന്നു ചിന്തിച്ചവർക്കു തെറ്റി. കനലായി കിടന്നത് തീപ്പന്തമായി കത്തുന്നതിന് അതിടയാക്കി എന്നതാണ് സത്യം. മതപീഡനങ്ങളിലൂടെയാണ് ക്രൈസ്തവസഭ വളർന്നത്. സഭയുടെ ചരിത്രം വിശ്വാസസാക്ഷ്യത്തിന്റെയും മാനവപരിചരണത്തിന്റെയുമാണ്. സമാധാനത്തിനുള്ള നൊബേൽസമ്മാനം ഈ രാജ്യത്ത് എത്തിച്ചത് കന്യാസ്ത്രീയായ മദർ തെരേസയാണ്. ഇന്ത്യയ്ക്ക് ഇതുവരെ 12 നൊബേൽ പുരസ്കാരങ്ങളാണ് പല വിഷയങ്ങളിൽ ലഭിച്ചിട്ടുള്ളത്. അഞ്ചുപേർ മാത്രമാണ് ഇന്ത്യക്കാർ. ഏഴുപേർ ഇന്ത്യൻ വംശജരോ ഇന്ത്യയിൽ സേവനമനുഷ്ഠിച്ചവരോ ആണ്.

ഛത്തീസ്ഗഡിലെ അറസ്റ്റു വഴി ഭരണഘടനയെ ഭരണകൂടം നോക്കുകുത്തിയാക്കിയിരിക്കുന്നു. പൗരന്റെ സമത്വാവകാശം (ഖണ്ഡിക 14), സഞ്ചാരസ്വാതന്ത്ര്യം (ഖണ്ഡിക 19), വിശ്വസിക്കാനുള്ള അവകാശം (ഖണ്ഡിക 25-28) എന്നിവ അകാരണമായി കന്യാസ്ത്രീകൾക്കു നിഷേധിക്കപ്പെട്ടു. മറ്റൊരു സർക്കാരിന്റെ കാലത്താണ് മതപരിവർത്തനനിരോധനനിയമം നിലവിൽ വന്നത് എന്ന വാദം അറസ്റ്റിനെ ന്യായീകരിക്കാൻ ചേരുന്നതല്ല. ഭരണഘടനയ്ക്കെതിരായ ആ നിയമം നിലനില്ക്കുന്നതാണോ എന്ന നിയമപ്രശ്നം ചർച്ച ചെയ്യേണ്ടതാണെന്നു തോന്നുന്നു. നിയമത്തിന്റെ മറവിൽ വർഗീയശക്തികളെ അഴിഞ്ഞാടാൻ അനുവദിച്ചതാണു തെറ്റ്. മേലിൽ ഭരണഘടനാവിരുദ്ധവും മനുഷ്യാവാകാശധ്വംസനപരവുമായ ഇത്തരം അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ഭരണകൂടങ്ങൾ ശ്രദ്ധിക്കണം. ■

# ലൗലോലിക്ക



♦ കാർഷികം ♦

■ ജോഷി മുഞ്ഞനാട്ട്

പഴുത്തു നിൽക്കുന്ന ലൗലോലിക്ക കാണാൻ എന്തുഭംഗി! ചെമന്ന നെല്ലിയാണിത്. 'ലവി - ലവി' എന്നും ഇതിനെ വിളിക്കുന്നു. പല പ്രദേശത്തും പല പേരുകളിൽ അറിയപ്പെടുന്ന ഇതിന്റെ പഴുത്തു ചെമന്ന കായ്കൾ ഉപ്പിലിടാനും അച്ചാറിടാനും ഉത്തമമാണ്.

'ഫ്ളക്കോർഷിയേസി' കുടുംബത്തിൽപ്പെടുന്ന ഇതിന്റെ ശാസ്ത്രനാമം 'ഫ്ളക്കോർഷ്യ ഇനെർമിസ്.'

കാൽസ്യം, മഗ്നീഷ്യം, ഇരുമ്പ് തുടങ്ങിയവയുടെ കലവറയായ ലൗലോലിക്കയിൽ പ്രോട്ടീന്റെ അംശം കൂടുതലായി അടങ്ങിയിരിക്കുന്നു. ജാം, സിറപ്പ്, വൈൻ എന്നിവയുണ്ടാക്കാനും ചില ഔഷധാവശ്യങ്ങൾക്കും ഇവ ഉപയോഗിക്കുന്നു. പോഷകപ്രദമായ ഇതിന്റെ കായ്കൾ ഉപ്പുചേർത്തു കഴിക്കുന്നത് ഏറെ ആസ്വാദ്യമാണ്.

നന്നായി പഴുത്ത കായ്കളിൽനിന്നു കുരുവെടുത്തു മുളപ്പിച്ചോ പതിവച്ചെടുത്ത തൈകളോ നടാൻ ഉപയോഗിക്കാം.

നേഴ്സറികളിൽനിന്നോ കർഷകരിൽനിന്നോ തൈകൾ വാങ്ങിയും ഇവ നട്ടുവളർത്താം. പഴയ കാലങ്ങളിൽ വീട്ടുവളപ്പിൽ ധാരാളമായി കണ്ടിരുന്ന ഇവ ഇന്ന് അന്യം നിന്ന അവസ്ഥയിലാണ്. നല്ല സൂര്യപ്രകാശമുള്ളയിടങ്ങളിൽ അനുയോജ്യമായ കുഴിയെടുത്ത് അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്തു വേണം നടാൻ.

ജൂൺ - ജൂലൈ, ഒക്ടോബർ - നവംബർ എന്നീ സീസണുകളിലാണ് ഇവ പൂവിടുന്നത്. കായ്ച്ച് 4-5 മാസത്തിനകം കായ്കൾ നിറം മാറിത്തുടങ്ങും, നന്നായി പഴുത്തുചുവക്കും. ഈ അവസരത്തിലാണ് വിളവെടുപ്പ്. ഉപ്പിലിട്ടു വയ്ക്കുന്നത് ഏറെനാൾ കേടുകൂടാതെ ഇരിക്കും. ഒട്ടനവധി ഗുണങ്ങൾ നിറഞ്ഞ ലൗലോലിക്കയെ നമുക്കു മറക്കാതിരിക്കാം.

വീട്ടുവളപ്പിലെ കൃഷിയിടത്തിൽ ലൗലോലിക്കാ മരത്തിനുകൂടി സ്ഥാനം നൽകുവാൻ നമുക്കു ശ്രമിക്കാം.

കവിത

ശ്രീമിഥില

## വിശപ്പിന്റെ അടയാളം



വിശപ്പിന്റെ അഗ്നിഗോളങ്ങൾ
സൂര്യനെ വിഴുങ്ങി
വേച്ചുവീണ വഴിയിൽ
മോഷണപ്പൊതിയുടെ
അവശിഷ്ടങ്ങൾ
കരിവാളിച്ച ഉടലിൽ
മർദനപ്പാടുകൾ
കണ്ണിൽ ഭയത്തിന്റെ
ചോരച്ചുവപ്പുകൾ
വിശപ്പിന്റെ അടയാളമായവൻ
മണ്ണിൽ മരിച്ചുവീണു.

നോവൽ 2



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസ് അരുണിനെ സൂക്ഷിച്ചുനോക്കി. സബ് ഇൻസ്പെക്ടർ വിജയകുമാറും അവനെ അടിമുടി നിരീക്ഷിച്ചു.

“നീയാണോടാ ഈ റോണി?” സി.ഐ. ചോദിച്ചു.

“അല്ല സാർ. ഞാൻ റോണീടെ ഫ്രണ്ടാ.”

“അവനിവിടെയുണ്ടോ?”

“ഉണ്ട്. അകത്തു കിടക്കുകാ.”

“കെട്ടിയവളെ ഒടുവിലൊന്നു കാണാൻപോലും അവൻ വരാത്തതെന്താ?”

“അവന് വരണോന്നും കാണണോന്നുമുണ്ടായിരുന്നു സാറെ. ഞങ്ങളിവിടെ ബലമായി പിടിച്ചു കിടത്തിയതാ. ആളുകള് ഉപദ്രവിക്കുമോന്നു പേടിച്ചു.”

“പോലീസ് പ്രൊട്ടക്ഷൻ തരുമായിരുന്നല്ലോ. എന്താ അതാവശ്യപ്പെടാത്തെ?”

“അത്... സാറെ.”

‘ആ നല്ലൊരു പെൺകൊച്ചിനെ അവൻ കൊന്നതല്ലേടാ? എന്തിനായിരുന്നത്?” സർക്കിൾ ഇൻസ്പെക്ടർ, അരുണിനെ തീക്ഷ്ണമായി നോക്കിക്കൊണ്ടു ചോദിച്ചു.

‘‘ഇങ്ങനെ ചോദിക്കല്ലേ, സാറെ. അവൻ കൊന്നിട്ടില്ല. അവരു തമ്മിൽ വലിയ ഇഷ്ടമായിരുന്നു. രണ്ടു ദിവസമായി വെള്ളംപോലും കുടിക്കാതെ ഇവിടെ കെടക്കുകാ അവൻ. ഇന്ന്... ഒരു ദിവസത്തേക്കെങ്കിലും ചോദ്യം ചെയ്യൽ മാറ്റിയാൽ നല്ലതായിരുന്നു.” അരുൺ സർക്കിൾ ഇൻസ്പെക്ടർക്കു മുമ്പിൽ കൈകൂപ്പി യാചിച്ചു.

“ഇല്ല. ഇന്നു ചോദ്യം ചെയ്യലൊന്നുമില്ല. അവളുടെ സഹോദരൻ ഹോംമിനിസ്റ്റർക്കു പരാതി കൊടുത്തിരിക്കുവാ. സീൽ ചെയ്ത മുറി വീണ്ടും സേർച്ച് ചെയ്യാനാ ഞങ്ങളെത്തിയത്.” സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.

പൊലീസ് ഉന്നതന്മാർ ജീനാ മരിച്ചുകിടന്ന റൂമിനു നേർക്കു നടന്നു. അരുൺ റോണി കിടക്കുന്ന മുറിയിലേക്കു ചെന്നു. അവൻ ഉണർന്നുകിടക്കുകയാണ്.

“അരുണേ... പോലീസാണല്ലേ?” റോണി പരിഭ്രാന്തനായി ചോദിച്ചു.

“അതെ.”

“എന്നെ... അറസ്റ്റ് ചെയ്യാനായിരിക്കും.”

“ഇല്ല. പേടിക്കാതെ കിടക്ക്. അവര് ആ റൂം സേർച്ച് ചെയ്തിട്ട് പൊയ്ക്കോളും.’’ അരുൺ അവനു ധൈര്യം പകർന്നു.

“എടാ... എനിക്കു കുറച്ചു വെള്ളം വേണം.” റോണി പറഞ്ഞു. അരുൺ പെട്ടെന്ന് ഗ്ലാസിൽ വെള്ളമെടുത്ത് അവനു കൊടുത്തു. ഒറ്റവലിക്ക് അതു കുടിച്ചുതീർത്തു.

“നിനക്കു നല്ല വിശപ്പുണ്ടായിരിക്കും. ഇവിടെയൊന്നുമില്ല. തനിച്ചാക്കി പുറത്തുപോയി വാങ്ങിക്കുന്നതെങ്ങനെയാ?”

“എനിക്കു വെശപ്പൊന്നുമില്ല. നീയെങ്ങുംപോകല്ലേ.” റോണി ദയനീയസ്വരത്തിൽ പറഞ്ഞു.

“ഞാനെങ്ങും പോകില്ല. നീ ധൈര്യമായിട്ടിരിക്ക്.” അരുൺ അവന്റെ കൈയിൽ മുറുകെപ്പിടിച്ചുകൊണ്ടു പറഞ്ഞു.

ഒരു മണിക്കൂർ നേരത്തെ വിശദമായ പരിശോധന കഴിഞ്ഞ് റൂം വീണ്ടും സീൽ ചെയ്തശേഷം സർക്കിൾ ഇൻസ്പെക്ടറും സബ്ഇൻസ്പെക്ടറും സ്ഥലം വിട്ടു. തൊട്ടുപിറകേ ഒരു കടുംനീല ‘എക്സിലോ’ കാർ വീട്ടുമുറ്റത്തു കയറിവന്നു. ഡ്രൈവിങ് സീറ്റിൽനിന്നും ഒത്ത ഉയരവും തക്കതടിയുമുള്ള ചുരിദാർധാരിയായ മേടയ്ക്കൽ ഷേർലി പുറത്തിറങ്ങി. കണ്ണടധരിച്ച മുഖത്ത് ദൃഢഭാവമുള്ള ഷേർലിയുടെ കൈയിൽ ഏതോ ഹോട്ടലിൽനിന്നു വാങ്ങിച്ച പാഴ്സൽ കിറ്റുമുണ്ടായിരുന്നു. വാഹനശബ്ദംകേട്ട് അരുൺ പുറത്തേക്കിറങ്ങി വന്നു.

‘‘റോണീടെ ചേച്ചിയല്ലേ? ഷേർലിച്ചേച്ചി?” അരുൺ വന്നയാളെ തിരിച്ചറിഞ്ഞുകൊണ്ടു ചോദിച്ചു.

‘‘അതെ. എന്നെയറിഞ്ഞല്ലോ.”

“നമ്മള് മുമ്പു പരിചയപ്പെട്ടിട്ടും മിണ്ടീട്ടുമുണ്ട്. ഇവരുടെ കല്യാണത്തിന്. റോണീടെ ബന്ധുക്കളിൽ ഷേർലിച്ചേച്ചി മാത്രമല്ലേ, അന്നു വന്നത്.”

“ഇപ്പം എനിക്കും ആളെ പിടികിട്ടി. അരുണെന്നല്ലേ പേര്?”

“അതെ.”

“എന്റെ കൊച്ചേ നീ അവനു കൂട്ടായിട്ടു വന്നത് ഒത്തിരി നന്നായി. ഒട്ടും കരുത്തില്ലാത്ത ശുദ്ധ പാവമാ റോണി. ഞാനിങ്ങോട്ട് പേടിച്ചുപേടിച്ചാ വന്നത്. അവൻ കെടക്കുകാണോ?”

‘‘സങ്കടപ്പെട്ട് ഒന്നും കഴിക്കാതെ ക്ഷീണിച്ചുകെടക്കുകാ. ജീനായെ കാണാൻ പോണമെന്നും പറഞ്ഞ് വലിയ ബഹളമുണ്ടാക്കി. എന്റെകൂടെ വിവേകുമുണ്ടായിരുന്നു. ഞങ്ങള് അടക്കിക്കെടത്താൻ ഒത്തിരി വിഷമിച്ചു. ചേച്ചി വാ, അവന്റെയടുത്തേക്കു പോകാം.”



അരുൺ, ഷേർലിയെ റോണിയുടെയടുത്തേക്കു കൂട്ടിക്കൊണ്ടു പോയി.

കൺമുമ്പിൽ ഷേർലിച്ചേച്ചിയെ കണ്ടപ്പോൾ റോണിയുടെ നിയന്ത്രണം വിട്ടു.

‘‘എന്റെ ജീനാ... എന്നെയിട്ടേച്ചു പോയല്ലോ. അവളെന്തിനിങ്ങനെ ചെയ്തു, ഷേർലിച്ചേച്ചീ? ഞാനെന്തു മാത്രം സ്നേഹിച്ചതാ അവളെ? ഇങ്ങനെ ചെയ്യുമെന്ന് എന്തെങ്കിലുമൊരു സൂചന തന്നില്ലല്ലോ... എനിക്കവളെ അവസാനമൊന്നു കാണാൻപോലും കഴിഞ്ഞില്ലല്ലോ...”

ഷേർലി റോണിയുടെ അരികെ ബെഡ്ഡിലിരുന്നു. അവളുടെ കണ്ണുകളും നിറഞ്ഞുതൂവി. ഷേർലി വാത്സല്യത്തോടെയും കാരുണ്യത്തോടെയും റോണിയുടെ നെറുകയിൽ തലോടി.

‘‘റോണീ, ഞാൻ ജീനായെ യാത്രയാക്കാൻ ആ വീട്ടിൽ പോയിരുന്നു.”

‘‘ങ്ഹേ? ചേച്ചി പോയോ അവിടെ?” റോണി എടുത്തുചോദിച്ചു, അതിശയത്തോടെ.

“പോയെടാ. ജീനായ്ക്ക് ഏറ്റവുമിഷ്ടമുണ്ടായിരുന്ന മുല്ലപ്പൂക്കൾ ദേഹത്തു വിതറുകയും ചെയ്തു. എന്നെയവിടെയാരും തിരിച്ചറിഞ്ഞില്ലെന്നു തോന്നി.”

‘‘ഞാൻ... ഞാനെന്തൊരു പാപിയാ... ശപിക്കപ്പെട്ടവനാ... ഷേർലിച്ചേച്ചിക്കറിയോ, ഞാൻ കാരണമാ ജീനാ മരിച്ചത്.... ഞാനാണവളെ കൊന്നത്.”

ഷേർലി രോഷത്തോടെ പെട്ടെന്നവന്റെ വായ പൊത്തി.

“റോണീ, പറയരുതങ്ങനെ, ഒരിക്കലും... ആരോടും... അപകടമാ. ശ്രദ്ധിക്കണം നീ.” ഷേർലി മുന്നറിയിപ്പുപോലെ പറഞ്ഞു.

“ഞാൻ പറഞ്ഞതു സത്യമാ. എനിക്കു പിഴവു പറ്റി. വലിയ പിഴവ്.” റോണി, ഷേർലിച്ചേച്ചിയുടെ കൈയിൽപിടിച്ച് കരഞ്ഞുകൊണ്ടു പറഞ്ഞു.

“എടാ... പോകാനുള്ളവൾ പോയി. ഇനിയെന്തു പറഞ്ഞാലും എത്ര കരഞ്ഞാലും അവൾ തിരിച്ചുവരുകയില്ല. നിന്റെ ജീവിതത്തിലെയും നമ്മുടെ കുടുംബത്തിലെയും ഏറ്റവും വലിയ പ്രതിസന്ധിയാണിത്. പിടിച്ചുനിന്നേ പറ്റൂ. കരകയറിയേ പറ്റൂ. അതിനുള്ള വഴിയാ നോക്കണ്ടത്.”

“അവളില്ലാതെ എനിക്കൊരു ജീവിതമില്ല ചേച്ചീ. ഞാൻ വലിയ ഒരു കുറ്റവാളിയാ. ജീവനെപ്പോലെ സ്നേഹിച്ച പെണ്ണിനെ മരണത്തിനു വിട്ടുകൊടുത്തവൻ... ഞാൻ മരിച്ചാൽ എല്ലാം അതോടെ തീരും. ജീവിക്കുകയാണെങ്കിൽ കുറ്റബോധത്തിന്റെ തീച്ചൂളയിൽ എന്നും വെന്തുനീറുകയായിരിക്കും.”

“ഇപ്പം ഞാൻ നിന്നോടൊന്നും പറയുന്നില്ല. നിന്റെ മനസ്സു തണുപ്പിക്കാൻ കഴിയുന്ന ഒരു ഉപദേശകയുമല്ല. ഒന്നോർക്കണം. എന്നും നിന്റെ കൂടെ നിന്നവളാ ഞാൻ. നിന്റെ കല്യാണത്തിന് അപ്പനും അമ്മയുമില്ലെങ്കിലും ഈ പെങ്ങളുണ്ടായിരുന്നു. മറക്കരുത്.”

‘‘എല്ലാം... എല്ലാമെനിക്കറിയാം ഷേർലിച്ചേച്ചീ.”

‘‘എന്നാൽ, പറയുന്നതു കേൾക്ക്. നെനക്ക് നല്ല വെശപ്പുണ്ടെന്ന് എനിക്കറിയാം. മസാലദോശയും വാങ്ങിച്ചാ ഞാൻ വന്നിരിക്കുന്നെ. നിന്റെ കൂട്ടുകാരനും പഞ്ഞമായിരിക്കും. എഴുന്നേൽക്ക്. രണ്ടുപേരും കൂടി കഴിക്ക്.” ഷേർലി പറഞ്ഞു.

അരുൺ കിച്ചണിൽച്ചെന്ന് പ്ലേറ്റുകളും കുടിക്കാനായി ജഗ്ഗിൽ വെള്ളവും ഗ്ലാസുകളും എടുത്തുകൊണ്ടുവന്നു. ഷേർലി റോണിയെ എഴുന്നേല്പിച്ചിരുത്തി. അവന്റെ മുഖത്തെ സകല ശോഭയും മാഞ്ഞുപോയതുപോലെ തോന്നിച്ചു. ഷോൾ കൊണ്ട് ഷേർലി റോണിയുടെ മുഖം അമർത്തിത്തുടച്ചു. ഗ്ലാസിൽ പകർന്നുകൊടുത്ത വെള്ളം അവൻ ആർത്തിയോടെ കുടിച്ചു. ഷേർലി മസാലദോശ ചട്ടണിയിൽ മുക്കി വായോടടുപ്പിച്ചപ്പോൾ അവൻ മടുപ്പുകാട്ടി.

“എനിക്കു കഴിക്കാൻ വയ്യ ഷേർലിച്ചേച്ചീ.” അവൻ പറഞ്ഞു.

“ഒന്നും പറയണ്ട. ഞാൻ തരുന്നത് മര്യാദയ്ക്കങ്ങു കഴിച്ചാൽ മതി.’’ അടിക്കാനെന്നോണം കൈയോങ്ങിക്കൊണ്ട് ഷേർലി പറഞ്ഞു. ഒരു രോഗിയെപ്പോലെ അവൻ അത് സാവകാശം കഴിച്ചുതുടങ്ങി. അരുണിന് കത്തുന്ന വിശപ്പുണ്ടായിരുന്നു. അവൻ ധൃതിയിൽ ആർത്തിയോടെ കഴിച്ചു. മസാലദോശയുടെ പകുതി മാത്രമേ റോണി കഴിച്ചുള്ളൂ. ഷേർലി നിർബന്ധിച്ചില്ല.

അപ്പോൾ അരുണിന്റെ ഫോൺ ശബ്ദിച്ചു. വിവേകിന്റെ കോൾ.

“ഹലോ... വിവേകേ... എങ്ങനെയുണ്ട് പപ്പായ്ക്ക്.”

മറുപടിയല്ല, അവൻ വിങ്ങിപ്പൊട്ടുന്ന ശബ്ദമാണ് ഫോണിലൂടെ വന്നത്.

“പപ്പാ... മരിച്ചുപോയെടാ... ഹോസ്പിറ്റലിൽ സമയത്തെത്തിക്കാൻ പറ്റിയില്ല. വീട്ടിൽ... മമ്മി മാത്രമല്ലേ, ഉണ്ടായിരുന്നുള്ളൂ.”

‘‘ഞാൻ ഉടനെ വരാമോയെന്നു നോക്കട്ടെ. ഇവിടെയിപ്പോൾ റോണിയുടെ ചേച്ചി വന്നിട്ടുണ്ട്.”

“ങാ... ഞാൻ വയ്ക്കുകാ.” വിവേക് കോൾ കട്ടാക്കി.

“ആരാ അരുണേ മരിച്ചത്?” ഷേർലി തിരക്കി.

“വിവേകിന്റെ പപ്പാ. വിവേകിവിടെ എന്നോടൊപ്പം ഉണ്ടായിരുന്നു. അവന്റെ പപ്പായെ ആശുപത്രിയിലാക്കിയെന്ന് അറിയിച്ചഴാ പോയത്.

*ശേഷം 14-ാം പേജിൽ*



വത്സ ജോസ് കാപ്പിൽ

കഥ

# നല്ല കൂട്ടുകാരൻ

"കുട്ടാ, കുറച്ചു നേരമായി നിന്നെ ശ്രദ്ധിക്കുന്നു. എന്തുപറ്റി നിനക്ക്? ബെസ്റ്റ് ഫ്രണ്ടിന്റെ ബർത്ത്ഡേപാർട്ടിക്കു തുള്ളിച്ചാടിപ്പോയ നീ എന്താ ഇങ്ങനെ വിഷമിച്ചു വന്നിരിക്കുന്നത്?"

കസേരയിൽ തലയും കുനിച്ചിരുന്ന കുട്ടായി തലയുയർത്തി മമ്മിയെ ഒന്നു നോക്കി. വീണ്ടും തലകുനിച്ചിരിപ്പായി. കണ്ണുനിറഞ്ഞൊഴുകിയ വെള്ളം അവൻ കൈയുയർത്തി തുടച്ചു.

"അയ്യോ, എന്റെ മോൻ കരയുന്നോ. എന്തുപറ്റി എന്റെ മുത്തിന്?"

സീലിയ വേഗം അവന്റെ അടുത്തെത്തി അവന്റെ താടി പിടിച്ചുയർത്തി. അവൻ എണീറ്റ് അമ്മയെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. സീലിയ മോനെ ചേർത്തുപിടിച്ചുകൊണ്ട് അടുക്കളയിലേക്കു നടന്നു. പൈപ്പിൽനിന്നു വെള്ളമെടുത്ത് അവന്റെ മുഖം കഴുകി ത്തുടച്ചു. പിന്നെ കസേരയിൽ ഇരുന്നു, മകനെ മടിയിൽ പിടിച്ചിരുത്തി.

''ഇനി എന്റെ മോൻ മമ്മിയോടു പറഞ്ഞേ എന്താ എന്റെ കുട്ടനു പറ്റിയേ?"

സീലിയ അവന്റെ കണ്ണുകളിലേക്കു നോക്കി. "മമ്മീ, ഇന്ന് അവൻ എന്നെ അവന്റെ കൂടെ കളിക്കാൻ കൂട്ടിയില്ല."

"എബിയോ?"

"ആം. അവന്റെ അമേരിക്കേലെ ആന്റീടെ മോനും സിങ്കപ്പൂരിലുള്ള അങ്കിളിന്റെ മോളും ഒക്കെ വന്നിട്ടുണ്ടായിരുന്നു. അവൻ അവരെയെല്ലാരേംകൂട്ടി കളിച്ചുനടക്കുവാരുന്നു. അവരു കൊണ്ടുവന്ന സമ്മാനമൊക്കെ നിരത്തിവച്ചു വല്യ ഗമേൽ ഇരിക്കുവാരുന്നു. അവൻ എന്നെ നോക്കിയതുപോലുമില്ല."

''എന്റെ കുട്ടൻ അവിടുന്നു വല്ലതും കഴിച്ചോ?"

"ഞാൻ ഒന്നും കഴിക്കാതെ ഇറങ്ങിപ്പോന്നതാ. ബീനാമ്മച്ചി ഓടിവന്ന് എന്നെ പിടിച്ചോണ്ടു പോയി ഭക്ഷണം കഴിപ്പിച്ചിട്ടാ വിട്ടത്."

"നീ കൊണ്ടുപോയ സമ്മാനമോ?"

''അതും ബീനാമ്മച്ചി വാങ്ങിച്ചുവച്ചു."

നിറഞ്ഞുവന്ന കണ്ണുകൾ തുടച്ചുകൊണ്ടവൻ പറഞ്ഞു.

"സാരമില്ല മോനേ, നിങ്ങൾ എന്നും തമ്മിൽ കാണുന്ന നല്ല കൂട്ടുകാരല്ലേ? അവരൊക്കെ വല്ലപ്പോഴും വരുന്ന കസിൻസും, അതുകൊണ്ടല്ലേ എബി അവരുടെകൂടെ നടന്നത്."

സീലിയ മകനെ ആശ്വസിപ്പിക്കാൻ പറഞ്ഞു.

"നല്ല കൂട്ടുകാരനായിരുന്നെങ്കിൽ എന്നെ ഒറ്റയ്ക്കിരുത്താതെ അവരുടെ കൂടെ കളിക്കാൻ എന്നേം കൂടി കൂട്ടിയേനെ. അവരു കളിച്ചു ചിരിച്ചു നടന്നപ്പോ ഞാൻ ഒറ്റയ്ക്ക് ആ മുറിയിൽ ആരും കൂട്ടിനില്ലാതെ..."

കുട്ടായിക്കു സങ്കടം സഹിക്കാൻ പറ്റുന്നില്ല. "ഇനി മുതൽ ഞാൻ അവനോടു കൂട്ടില്ല."

തന്റെ തീരുമാനം അവൻ അമ്മയെ അറിയിച്ചു. "ഇന്നലെ അച്ചായി കൊണ്ടുവന്ന കാഡ്ബറീസ് ചോക്ലേറ്റ് ഇല്ലേ, മോന് ഇഷ്ടമുള്ള മിഠായി, അതു മമ്മി ഇപ്പൊ എടുത്തോണ്ടു വരാം. മോൻ പോയി കണ്ണുംമുഖവുമൊക്കെ കഴുകീട്ടുവാ."

സീലിയാ മിഠായിയുമായി വന്നപ്പോൾ കുട്ടൻ മുഖം കഴുകിത്തുടച്ചു മിടുക്കനായിട്ടിരിക്കുന്നു. അവൾ മൂന്നു ചോക്ലേറ്റ് മകന്റെ കൈയിൽ വച്ചുകൊടുത്തു.



"മോനേ, ഇന്നലെ നമ്മൾ വി. കുർബാന സമർപ്പിക്കാൻ പള്ളിയിൽ പോയില്ലേ?"

"ആം. നമ്മൾ എന്നും പള്ളിയിൽ പോകുന്നതല്ലേ?"

"അതേ, നമ്മൾ എന്നും വിശുദ്ധകുർബാനയ്ക്കു പോകാറുണ്ട്. പക്ഷേ, ഇന്നലെ മമ്മി ഒരു കാഴ്ച കണ്ടു."

'എന്താ മമ്മീ കണ്ടത്?"

''അതോ, പറയാം. മമ്മി എന്റെ മോനോടു പറയാൻ ഇരിക്കുവാരുന്നു. ഇപ്പം അതിനുള്ള അവസരം ഒത്തുവന്നു."

'എന്താ മമ്മീ, വേഗം പറഞ്ഞേ."

കുട്ടന് ആകാംക്ഷ അടക്കാൻ പറ്റുന്നില്ല.

"പറയാം. നീ ഇന്നലെ വിശുദ്ധ കുർബാന സ്വീകരിച്ചശേഷം, അതായത് ഈശോയെ ക്ഷണിച്ചു നിന്റെ ഹൃദയത്തിൽ ഇരുത്തിയശേഷം എന്താ ചെയ്തത്? ഓർമ്മയുണ്ടോ?"

ഞാൻ ഒന്നും ചെയ്തില്ലല്ലോ."

"നീ ഈശോയോട് ഒന്നും മിണ്ടാൻ കൂട്ടാക്കാതെ ഉടനെ തറയിലോട്ടിരുന്ന് ജിക്കുമോനോടു വർത്തമാനം പറയാൻ പോയി. ശരിയല്ലേ? എബി നിന്നോടു കാണിച്ചതിലും വലിയ തെറ്റല്ലേ നീ ചെയ്തത്. എബിയും നീയും വെറും കൂട്ടുകാർ മാത്രമാ. വെറും രണ്ടു വർഷത്തെ പരിചയമുള്ളവർ. ഈശോ അങ്ങനെയാണോ! നീ ജനിച്ച കാലം മുതൽ ഈ പത്തുവർഷവും നിനക്കുവേണ്ട എല്ലാം തന്നു. നിനക്കു നല്ല ആരോഗ്യവും സൗന്ദര്യവും ബുദ്ധിയും തന്നു, നല്ല ഒരു അച്ചായിയെ തന്നു, നല്ല ചേട്ടായിയേം ചേച്ചിയേം തന്നു. നല്ല വീടു തന്നു, നല്ല കാറും ജീവിക്കാൻ ആവശ്യത്തിനു പണവും എല്ലാം തന്നില്ലേ."

"നല്ല ഒരു മമ്മിയേം തന്നു." കുട്ടായി കൂട്ടിച്ചേർത്തു.

"അതേ, നല്ല ഒരു മമ്മിയേം തന്നു."

സീലിയ ചിരിച്ചുകൊണ്ട് മോന്റെ തലയിൽ തഴുകി.

''കുട്ടായി എന്നെ ഒന്നു നോക്കിയിരുന്നെങ്കിൽ, എന്തെങ്കിലും എന്നോടു ചോദിച്ചിരുന്നെങ്കിൽ, എന്നെ നോക്കി ഒന്നു ചിരിച്ചായിരുന്നെങ്കിൽ! അവൻ എന്നെ ഒരു ശ്രദ്ധിച്ചുപോലുമില്ലല്ലോ എന്നോർത്ത് ഈശോ എന്തുമാത്രം സങ്കടപ്പെട്ടു കാണും. കുട്ടൻ ഒന്ന് ഓർത്തു നോക്കിക്കേ."

മമ്മിയുടെ വാക്കുകൾ കേട്ടു കുട്ടൻ വിഷണ്ണനായി തല കുനിച്ചിരുന്നു.

"സാരമില്ല. നാളെ മുതൽ ഈശോയെ സ്വീകരിച്ചുകഴിഞ്ഞാൽ മുട്ടുകുത്തി, കണ്ണുകൾ അടച്ചു കൈകൂപ്പി നിന്നോണ്ട് ഈശോയോടു പറയണം: ഈശോ, എന്നെ നിനക്ക് ഒത്തിരി ഇഷ്ടമാണെന്ന് എനിക്കറിയാം. അതുകൊണ്ടല്ലേ എനിക്ക് ഒത്തിരി സമ്മാനങ്ങൾ തരുന്നത്. മമ്മിയേം അച്ചായിയേം ഒക്കെ. എനിക്കു നിന്നേം ഒത്തിരി ഇഷ്ടമാ. ഞങ്ങളെ നല്ല പിള്ളേരാക്കി വളർത്തണം. ഞങ്ങളെ സങ്കടപ്പെടുത്തരുത്. പഠിച്ചു മിടുക്കരായി നിനക്കിഷ്ടമുള്ളവരായി വളരാൻ ഞങ്ങള സഹായിക്കണം. നാളേം നീ എന്റെ ഹൃദയത്തിൽ വരണം. ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾ ഈശോയോടു സംസാരിക്കാം. നീ ഇന്ന് എന്നോടു പറഞ്ഞ സങ്കടങ്ങളെല്ലാം ഈശോയോടു പറഞ്ഞാൽ ഈശോ പറയും, 'സാരമില്ല കുട്ടാ, നിനക്ക് ഒരു നല്ല കൂട്ടുകാരനായിട്ട് എന്നും ഞാനില്ലേ. അതുപോരേ നിനക്ക്' എന്ന്.

"മമ്മി ഇപ്പം പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ജിക്കുമോനോടും മറ്റു കൂട്ടുകാരോടും പറഞ്ഞുകൊടുക്കും. അപ്പം ഈശോയ്ക്ക് എന്നോട് ഒത്തിരി ഇഷ്ടമാകും അല്ലേ മമ്മീ?"

കോളിങ് ബെൽ അടിക്കുന്നതുകേട്ട് കുട്ടൻ വാതിൽക്കലേക്ക് ഓടി.

"ഹായ്, അച്ചായി വന്നേ."

വാതിൽ തുറന്ന് അകത്തു കയറിയ മാത്യൂസിന്റെ കൈയിൽ തൂങ്ങിക്കൊണ്ടു കുട്ടൻ വിളിച്ചു കൂവി.

"എന്തായിരുന്നു അമ്മയും മോനും കൂടി ഒരു ചർച്ച?"

"ഞാൻ പറയാം അച്ചായീ, ഈശോയെ സ്വീകരിച്ചുകഴിയുമ്പം മുട്ടിൽനിന്ന്, കൈകൂപ്പി കണ്ണുകൾ അടച്ചുകൊണ്ട് ഈശോയോട് ഒത്തിരിനേരം വർത്തമാനം പറയണമെന്നാ മമ്മി പറഞ്ഞെ.

''നമ്മുടെ സങ്കടങ്ങളും സന്തോഷങ്ങളും പറയണം, തന്ന അനുഗ്രഹങ്ങൾക്കും സമ്മാനങ്ങൾക്കും നന്ദി പറയണം എന്നൊക്കെ പറഞ്ഞുതന്നു. ഇനി ഞാൻ അങ്ങനെ ചെയ്യും."

"വിശുദ്ധകുർബാന സ്വീകരിച്ചിട്ടു ചിലയാളുകൾ നടന്നുവരുന്നതു കണ്ടാൽ ഈവനിങ് വാക്കാണോ; മാറ്റിനി കണ്ടിട്ട് ഇറങ്ങിവരുവാണോ അതോ കാപ്പികുടിക്കാൻ റ്റീഷോപ്പിലേക്കു പോകുവാണോ എന്നൊക്കെ സംശയം തോന്നിപ്പോകും. രണ്ടു കൈയും ആട്ടി അശ്രദ്ധയോടെയുള്ള ആ വരവുകണ്ടാൽ വിഷമം തോന്നും. ഈശോയോടു കാണിക്കുന്ന അവഗണന." മാത്യൂസ് വിഷമത്തോടെ പറഞ്ഞു.

മാത്യൂസ് പറഞ്ഞതു ശരിയാ. ഞാനും അതു ശ്രദ്ധിക്കാറുണ്ട്. ഹൃദയത്തിൽ വന്നതു ദൈവമാണെന്ന ബോധ്യത്തോടെ കൈകൂപ്പിപ്പിടിച്ച് അല്ലെങ്കിൽ കൈ രണ്ടും നെഞ്ചോടു ചേർത്തുപിടിച്ച്, തല കുനിച്ച് ആദരവോടെ വരേണ്ടതിനു പകരം..."

സീലിയ വാചകം പൂർത്തിയാക്കാതെ നിർത്തി. ''എന്റെ അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. അവരുടെ ചെറുപ്പകാലത്ത് വീടുകളിൽ കഴിയുന്ന രോഗികൾക്കു നൽകുവാൻ വിശുദ്ധ കുർബാനയുമായി വൈദികൻ വരുന്നതു കണ്ടാൽ, മഴയാണെങ്കിലും ചെളിവെള്ളത്തിലാണെങ്കിലും അവിടെ മുട്ടുകുത്തി തല കുനിച്ച് ഈശോയെ ആരാധിക്കുമായിരുന്നു എന്ന്. ഈശോയും ദൈവവും ഒന്നുമില്ലെങ്കിലും ജീവിക്കാൻ മാത്രം സ്വയംപര്യാപ്തരാണ് ഇന്നത്തെ തലമുറ. ആ അതു പോട്ടെ. നീ വേഗം ചോറു വിളമ്പ്. എനിക്ക് ഇന്ന് ഇച്ചിരി നേരത്തേ പോണം!"

"ശരി." സീലിയ എണീറ്റ് അടുക്കളയിലേക്കു നടന്നു.

■

## ഫ്രാൻസിസ് മാർപാപ്പായുടെ കൂറ്റൻ ചുവർചിത്രം അർജന്റീനയിൽ



ബ്യൂവാനസ് ആരിസ്: ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പായുടെ ലോകത്തിലെ ഏറ്റവും ഉയരമുള്ള ചുവർചിത്രം അർജന്റീനയിൽ അനാച്ഛാദനം ചെയ്തു. ലാ പ്ലാറ്റ നഗരത്തിൽ അമലോദ്ഭവ മാതാവിന്റെ കത്തീഡ്രലിനു സമീപമുള്ള 16 നില കെട്ടിടത്തിലാണു ചുവർചിത്രം തീർത്തത്. പ്രശസ്ത കലാകാരനായ മാർട്ടിൻ റോൺ വരച്ച ചുവർചിത്രത്തിന് 50 മീറ്റർ ഉയരമുണ്ട്(164 അടി).

അർജന്റീനസ്വദേശി കൂടിയായ ഫ്രാൻസിസ് മാർപാപ്പയോടുള്ള ആദരവ് പ്രകടിപ്പിക്കാനായി ലാ പ്ലാറ്റ സിറ്റി കൗൺസിൽ മുൻകൈയെടുത്ത് കലാസൃഷ്ടി ഒരുക്കുകയായിരുന്നു. പത്രോസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടശേഷം ഫ്രാൻസിസ് മാർപാപ്പായുടെ ഏറ്റവും ശ്രദ്ധ നേടിയ ചിത്രമാണു കലാസൃഷ്ടിയിൽ ഒരുക്കിയത്. പറക്കാൻ തയ്യാറായ ഒരു പ്രാവിനെ പിടിച്ചുകൊണ്ട് മാർപാപ്പാ പുഞ്ചിരിക്കുന്നതാണ് ചിത്രം.

ഡീഗോ മറഡോണ, ലയണൽ മെസി തുടങ്ങിയ അർജന്റീനിയൻ ഫുട്ബോൾ ഇതിഹാസങ്ങളുടെ ചുവർചിത്രങ്ങൾ വരയ്ക്കുന്നതിൽ പ്രശസ്തനാണ് മാർട്ടിൻ റോൺ. ലാ പ്ലാറ്റ അതിരൂപത ആർച്ചുബിഷപ് ഗുസ്താവോ കരാര ചിത്രം ആശീർവദിച്ചു. ചടങ്ങിനോടനുബന്ധിച്ച് സംഗീതപരിപാടിയും വെടിക്കെട്ടുമുണ്ടായിരുന്നു.



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 15

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**പി**റ്റേദിവസം, എല്ലാ വിവരങ്ങളുമായാണ് പ്രസാദ് എത്തിയത്: അമ്പലവയൽ എത്താൻ പലവഴികളുണ്ട്, കോട്ടയത്തുനിന്ന് ബസ്സിൽ സുൽത്താൻ ബത്തേരി എത്തണം. അവിടെനിന്ന് ഓട്ടോ, ജീപ്പ് അല്ലെങ്കിൽ കാർ പിടിക്കണം. ട്രെയിൻ ബുദ്ധിമുട്ടാണ്. കോഴിക്കോട് അല്ലെങ്കിൽ നിലമ്പൂർ ഇറങ്ങി ടാക്സി പിടിക്കണം. കാർ ആണ് ഏറ്റവും സൗകര്യം.

വീട്ടിലെ ആവശ്യത്തിന് ടാക്സി ഓടിക്കുന്ന ഒരു ചേട്ടനുണ്ട്. പ്രസാദ് അമ്മൂമ്മയുടെ ഫോണിൽനിന്നു മുരളിച്ചേട്ടനെ വിളിച്ചു. ചേട്ടൻ അവനോടു പറഞ്ഞതനുസരിച്ച് പോകാൻ ഒരു ആറു മണിക്കൂർ എടുക്കും, തിരികെ വരാനും അത്രയും, അല്ലെങ്കിൽ അതിൽ കൂടുതലോ വേണം. പോകുന്നതും വരുന്നതും ചേർത്ത് ഒരു പതിനയ്യായിരം ആകും.

വിശദമായി ഐവാനോട് ഇതെല്ലാം പറഞ്ഞു.

''പൈസ നമുക്ക് ആരു തരും?''

"അമ്മൂമ്മയുടെ കൈയിൽ കാശുണ്ട്, പെൻഷൻ കിട്ടുന്നത്. ഇവിടെ പോകാനാണെന്നു പറഞ്ഞാൽ തരില്ല, വിടുകയുമില്ല. ഞാൻ അത് ഒന്നുകൂടെ ആലോചിക്കട്ടെ."

"വീട്ടിൽ ചോദിച്ചാൽ സമ്മതിക്കില്ല."

"അതു പിന്നെ പറയണോ? ചോദിക്കുന്നതിനു മുമ്പേ അടി കിട്ടും. അച്ഛൻ ഇവിടെയില്ല, എന്തോ ട്രെയിനിങ്ങിനു കൽക്കട്ട പോയിരിക്കുകയാണ്, അമ്മ ഉറപ്പായിട്ടും സമ്മതിക്കില്ല, നിന്റെ വീട്ടിൽനിന്നും എനിക്കും വഴക്കു കിട്ടും"

''നമ്മൾ അപ്പോളെന്തു ചെയ്യും?''

"വഴക്കും, ചിലപ്പോൾ അടിയും ഉറപ്പാണ്, പക്ഷേ, നമുക്കു പോകാം, മനസ്സിൽ ഒരു ആഗ്രഹം വന്നാൽ അതു നടത്തണം, നമ്മൾ വലുതാകുമ്പോൾ, ഇതൊക്കെ പറഞ്ഞു ചിരിക്കാം."

പിങ്ക്ളാങ്കിക്ക് ആകെയൊരു വെപ്രാളം, ഒരു വശത്തു മാലാഖമാരെ കാണാൻ പോകണം, മറുവശത്ത് എങ്ങനെ പോകും? വീട്ടിൽ തിരക്കും, പ്രസാദ്ചേട്ടൻ കൂടെയുള്ള ധൈര്യം മാത്രം. ചേട്ടൻ തന്നെക്കാൾ വലിയ കുട്ടിയാണല്ലോ.

"ചേട്ടാ, നമുക്കു മാലാഖമാരോടു പ്രാർഥിച്ച് അങ്ങു പോയാലോ, പക്ഷേ, എന്റെ കൈയിൽ പൈസയൊന്നും ഇല്ല. പിഗ്ഗിബാങ്കിൽ എന്തെങ്കിലും കാണും."

''നീ പിഗ്ഗിബാങ്ക് ഒന്നും പൊട്ടിക്കേണ്ട, പൈസ ഞാൻ കൊണ്ടുവരാം, നീ വലിയ കൊച്ചായിട്ടു, ജോലിയൊക്കെ കിട്ടുമ്പോൾ തന്നാൽ മതി."

"അതിനിനി കുറെ കൊല്ലം ആകില്ലേ, എനിക്കു പത്തുവയസ്സേ ആയിട്ടുള്ളൂ."

"പിന്നെ എന്നെങ്കിലും തന്നാൽ മതി. മാലാഖമാർ നിന്നോടു മാത്രമേ സംസാരിക്കുള്ളോ? എന്നോടും സംസാരിക്കില്ലേ?"

"ചേട്ടനോടും സംസാരിക്കും, ചേട്ടൻ അല്ലേ എന്നെ അവരുടെ അടുത്ത് കൂട്ടിക്കൊണ്ടു പോകുന്നത്. അവർക്കു സന്തോഷമാകും."

"ശരി, നമുക്ക് ഫ്രൈഡേ പോകാം, എനിക്കന്നു മാത്സ് ട്യൂഷനുണ്ട്, വൈകുന്നേരം വീട്ടിൽ എത്താൻ താമസിക്കും, ആ നേരത്തിനുള്ളിൽ നമ്മൾ തിരികെ യെത്തും."



''എനിക്ക് ഹിന്ദി ട്യൂഷനുണ്ട്, പക്ഷേ, അമ്മയാണ് എന്നെ വിളിക്കാൻ വരുന്നത്."

"പെർഫെക്റ്റ്. നമുക്ക് തിരികെ ട്യൂഷൻക്ലാസ്സിന്റെ അവിടെ ഇറങ്ങാം, പിന്നെ വെള്ളിയാഴ്ച നമുക്ക് ഹൗസ് ഡ്രസ്സ് അല്ലേ? യൂണിഫോം അല്ലല്ലോ? അതും നന്നായി."

കൂടെ പഠിക്കുന്ന ഒരു കുട്ടിയുടെ അമ്മൂമ്മയ്ക്ക് ഓപ്പറേഷനുണ്ട്, അതിന് അവനെ സഹായിക്കാൻ, കുറച്ചു പൈസ തരുമോ എന്ന് അമ്മൂമ്മയോടു ചോദിച്ചു. കള്ളത്തരം പറയുന്നതിൽ വിഷമം തോന്നിയെങ്കിലും, വേറെ വഴിയില്ലല്ലോ.

അമ്മൂമ്മയുടെ കൈയിൽനിന്നു പൈസ വാങ്ങി, ഇരുപതിനായിരം രൂപ.

ഇത്രയും കാശൊക്കെ എങ്ങനെയാണു കൊടുക്കുന്നത് എന്ന് അമ്മൂമ്മ ചോദിച്ചപ്പോൾ "അവര് അത്ര പണക്കാർ ഒന്നുമല്ല, അവന് അമ്മൂമ്മയെ സ്വന്തം അമ്മയേക്കാൾ ഇഷ്ടമാണെന്നു പറഞ്ഞു. എന്നെപ്പോലെ തന്നെ."

അതിൽ അമ്മൂമ്മ വീണു. പറഞ്ഞതു നുണയല്ല, അമ്മയേക്കാൾ കൂടുതൽ അടുപ്പവും സ്നേഹവും അമ്മൂമ്മയോടാണ്.

സ്കൂൾബാഗിൽ രണ്ടാളും, വേറൊരു ഉടുപ്പും, കുറച്ചു വെള്ളം, ബിസ്ക്കറ്റ് ഇവയും എടുത്തുവച്ചു.

മുരളിച്ചേട്ടനോട്, ഒരു നുണ പറഞ്ഞു: ചെറിയ ക്ലാസ്സിൽ പഠിക്കുന്ന കൂട്ടുകാരന്റെ അമ്മാച്ചൻ അമ്പലവയൽ പള്ളിയിൽ അച്ചനാണ്. അച്ചന് കുറച്ചുദിവസമായി നല്ല സുഖമില്ല, അദ്ദേഹം അവനെ കാണണം എന്നു പറയുന്നു, പപ്പയ്ക്കും അമ്മയ്ക്കും കൂടെ പോകാൻ സാധിക്കില്ല. അതുകൊണ്ട് പരിചയമുള്ള ഒരു വണ്ടിയിൽ തന്നെയും കൂട്ടി അയയ്ക്കുകയാണ്. അവിടെ പോകുക, അച്ചനെ കാണുക, തിരികെപ്പോരുക.

മുരളിച്ചേട്ടൻ അതു വിശ്വസിച്ചെന്നു തോന്നി.

കോട്ടയം റെയിൽവേ സ്റ്റേഷന്റെ മുമ്പിൽ നിൽക്കാം. സ്കൂൾബസ്സിൽനിന്നു രണ്ടാളും ഇറങ്ങി, അടുത്ത ബസ്സ്റ്റോപ്പിൽനിന്നു കോട്ടയത്തിനുള്ള ബസ്സിൽ കയറി. റെയിൽവേ സ്റ്റേഷന്റെ മുമ്പിൽ ഇറങ്ങി.

വിചാരിച്ച അത്രയും ഭയം രണ്ടുപേർക്കും തോന്നിയില്ല, പ്രസാദ്ചേട്ടന്റെ കൂടെയാണല്ലോ പോകുന്നതെന്ന് ഐവാനും, മുരളിച്ചേട്ടൻ കൂടെയുണ്ടല്ലോ എന്നു പ്രസാദും കരുതി.

കൈയിൽ കരുതിയ പേപ്പറിൽ മുരളിച്ചേട്ടന്റെ നമ്പർ ഉണ്ട്, റെയിൽവേസ്റ്റേഷനിൽ കണ്ട ഒരു അമ്മച്ചിയോട് ഈ നമ്പർ ഒന്നു ഡയല് ചെയ്തുതരാമോ എന്നു ചോദിച്ചു.

"നിങ്ങൾ എവിടെ പോകുകയാണെന്ന് അവർ ചോദിച്ചപ്പോൾ, കാറിന്റെ ഡ്രൈവർചേട്ടന്റെ നമ്പർ ആണെന്നു പറഞ്ഞു.

സ്റ്റേഷന്റെ അടുത്തുള്ള റോഡിൽനിന്നു മുരളിച്ചേട്ടൻ വേഗത്തിൽ വന്നിട്ടു പറഞ്ഞു:

''എന്റെ മകൾക്കു തീരെ സുഖമില്ല മോനേ, ഭാര്യ കൊച്ചുമായി ആശുപത്രിയിലാണ്, ദേ അവിടെ കിടക്കുന്ന ആ വണ്ടി കണ്ടോ, അത് എനിക്കു പരിചയമുള്ള വണ്ടിയാണ്, നിങ്ങൾ അതിൽ കയറിക്കൊള്ളൂ."

അതു കേട്ടപ്പോൾ രണ്ടുപേർക്കും കുറച്ചു പേടിതോന്നി. അവരുടെ മുഖം കണ്ടപ്പോൾ മുരളിക്ക് അതു മനസ്സിലായി.

''പേടിക്കാനൊന്നുമില്ല. അവൻ ഈ സ്റ്റാൻഡിൽത്തന്നെയാണ് വണ്ടി ഓടിക്കുന്നത്, നിങ്ങളെ സുരക്ഷിതമായി അവിടെ കൊണ്ടുപോയിട്ട് തിരികെക്കൊണ്ടുവരും."

മുരളി കുട്ടികളെ രണ്ടുപേരെയും ആ വണ്ടിയിൽ കയറ്റി. എന്നിട്ടു ഡ്രൈവർ ബിനോയിയോടു പറഞ്ഞു:

"എന്നെ വിശ്വസിച്ചാ, ഈ പിള്ളേരുടെ അപ്പനും അമ്മയും അയയ്ക്കുന്നത്. വളരെ സൂക്ഷിച്ചു വണ്ടി ഓടിക്കണം. വളവും തിരിവുമുള്ള വഴിയാണ്, ഒരുപാട് സ്പീഡ് എടുക്കരുത് കേട്ടോ."

എന്നിട്ടു പ്രസാദിനോടായി പറഞ്ഞു:

"മോൾക്കു തീരെ വയ്യാ, ഛർദ്ദിയാണ്, ഡ്രിപ്സ് കൊടുക്കുന്നു, ഒരു നിവൃത്തിയും ഇല്ലാഞ്ഞിട്ടാ കൂടെവരാൻ പറ്റാത്തതു കേട്ടോ."

കുട്ടികൾ രണ്ടുപേരും ശരിയെന്നു മനസ്സില്ലാമനസ്സോടെ തലയാട്ടി.

ഐവാനു ബാത്റൂമിൽ പോകാൻ തോന്നി, പക്ഷേ, അതു പറയാതെ വഴിയിലേക്കു നോക്കിയിരുന്നു.

രണ്ടുപേർക്കും എന്തുകൊണ്ടോ ബിനോയിയെ ഇഷ്ടമായില്ല. എവിടെയോ ഒരു പന്തികേട്, പേടിപ്പെടുത്തുന്നപോലെ അയാളുടെ താടിയും വായിൽ എന്തോ ഇട്ടു ചവയ്ക്കുന്നു. ഇടയ്ക്ക് അപശബ്ദം പുറപ്പെടുവിക്കുന്നു. തീരെ ഇണക്കമില്ലാത്ത ഒരു പ്രകൃതം .

വണ്ടി നാഗമ്പടംപാലം കടന്നു, മുമ്പോട്ടുപോയി.

ബിനോയ് അവരോടു പറഞ്ഞു:

''നിങ്ങൾക്കു വിശക്കുന്നെണ്ടെങ്കിൽ പറയണം കേട്ടോ."

"ഞങ്ങൾ ബ്രേക്ഫാസ്റ്റ് കഴിച്ചിട്ടാണു വന്നത്."

"ശരി."

കുട്ടികൾ രണ്ടുപേരും, അവർ പറയുന്നത് അയാൾ കേൾക്കുമെന്നു കരുതി, പതുക്കെയാണു സംസാരിച്ചത്.

"ചേട്ടാ... എനിക്ക് ഒന്നിനു പോകണം." പ്രസാദിന്റെ ചെവിയിൽ ഐവാൻ പറഞ്ഞു.

പ്രസാദ് ബിനോയിയോടായി പറഞ്ഞു:

"ഇവന് ഒന്നിനു പോകണമെന്ന്."

"ഏറ്റുമാനൂർ ആകട്ടെ, അവിടെ ഒരു സ്ഥലത്തു നിർത്താം."

വണ്ടി റോഡ്സൈഡിൽ നിർത്തി അയാൾ ഐവാനെ ഒരു റെസ്റ്റോറന്റിന്റെ പിറകിലേക്കു കൂട്ടിക്കൊണ്ടുപോയി.

കുറച്ചു സമയം ആയിട്ടും ഐവാനെയും ബിനോയിയെയും കാണുന്നില്ല.


പ്രസാദിന് പേടിയായിത്തുടങ്ങി, അവൻ ബാഗ് ഇറുക്കിപ്പിടിച്ചു പുറത്തേക്കു നോക്കിയിരുന്നു. മുമ്പിൽ ബിനോയ്, പിറകിൽ ഐവാൻ, രണ്ടുപേരും പതുക്കെ നടന്നുവരുന്നു, അപ്പോൾ പ്രസാദിനും ഒന്നിനു പോകണമെന്നു തോന്നി.

*(തുടരും)*

---

ശശികല മോഹൻദാസ്
നവിമുംബൈ

കവിത



## മിഴിപ്പൂക്കൾ

ചുട്ടുപൊള്ളും അവനിപോലെ
ചുട്ടുനീറുന്നെന്റെയുള്ളം
മിഴിപ്പൂവിൽനിന്നുതിർന്നു
നീർമുത്തുകൾ തേങ്ങലായ്.

അട്ടഹാസങ്ങളാർത്തനാദങ്ങൾ
മുഴങ്ങിടും കാതിൽ അനുദിനം
കരളുനീറി പിടയും നൊമ്പരം
വിങ്ങുമോർമ്മയിൽ നെഞ്ചകം.

കതിരുകാണാക്കിളികൾപോലെ
പാറിചില്ലയിലങ്ങുമിങ്ങും
പാതിവെന്തൊരു ഉടലുപോലെ
പ്രാണനുരുകും നൊമ്പരത്താൽ.

നിറഞ്ഞ മിഴിയായ് വിതുമ്പലായ്
നിലാവ് മാഞ്ഞൊരു വീഥിയിൽ
കൂരിരുട്ടിൽ അലഞ്ഞു ഞാനും
ദൂരെയാ പച്ചവെളിച്ചം തേടി.

# ഇസ്രയേൽ രൂപം കൊള്ളുന്നു




7-ാം പേജ് തുടർച്ച

ഇതുകൊണ്ടും സമാധാനമുണ്ടായില്ല. ഇസ്രയേൽ, അറബ് രാജ്യങ്ങളുടെ ഉറക്കം കെടുത്തുന്ന ദുസ്സ്വപ്നമായി അടിക്കടി വികസനക്കുതിപ്പ് തുടർന്നു. ഇസ്രയേൽ സമ്പദ്ശക്തിയിലും ആയുധശക്തിയിലും സാങ്കേതികവിദ്യയിലും അന്യാദൃശമായ നേട്ടങ്ങൾ കൈവരിക്കുംതോറും അറബ്‌രാജ്യങ്ങളുടെ അസൂയയും ശത്രുതയും ഏറിയേറി വന്നു. അതു പിന്നെയും യുദ്ധത്തിൽ കലാശിച്ചു.

രണ്ടാം അറബ് - ഇസ്രയേൽ യുദ്ധം 1956 ഒക്ടോബർ, നവംബർ മാസങ്ങളിലാണു നടന്നത്. സൂയസ് കനാലിന്റെ പേരിൽ ബ്രിട്ടനും ഫ്രാൻസും ഈജിപ്തിനെതിരെ നടത്തിയ നീക്കങ്ങളാണ് ഈ യുദ്ധത്തിനു നിമിത്തമായത്. ഇതിനൊരു സാമ്പത്തികപശ്ചാത്തലമുണ്ട്.

ഈജിപ്ത് പ്രസിഡന്റ് നാസർ തന്റെ രാജ്യത്തിനു ജലലഭ്യതയും വൈദ്യുതിയും ഉറപ്പാക്കാൻവേണ്ടി തയ്യാറാക്കിയ ഒരു ജലവൈദ്യുതപദ്ധതിയാണ് നൈൽനദിയിലെ അസ്സാൻ അണക്കെട്ട്. ഇതിനു സാമ്പത്തികസഹായം ചെയ്യാമെന്ന് അമേരിക്കയും ബ്രിട്ടനും സമ്മതിച്ചിരുന്നു. എന്നാൽ, ആയിടെ നാസർ കമ്യൂണിസ്റ്റുരാജ്യങ്ങളുമായി കൂടുതൽ സൗഹൃദം സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇതിൽ കുപിതരായ അമേരിക്കയും ബ്രിട്ടനും അസ്വാൻ അണക്കെട്ടിനു നല്കിയിരുന്ന സാമ്പത്തികസഹായവാഗ്ദാനം പിൻവലിച്ചു. ഇതു നാസറിനെ പ്രകോപിപ്പിച്ചു. പ്രതികാരമായി അദ്ദേഹം സൂയസ് കനാൽ ദേശസാത്കരിച്ചു. ഇതു പാശ്ചാത്യരാജ്യങ്ങൾക്കു വലിയൊരാഘാതമായി.

ദേശസാത്കരിക്കപ്പെടുന്നതുവരെ സൂയസ് കനാലിന്റെ നിയന്ത്രണം ഒരു ബ്രിട്ടീഷ് - ഫ്രഞ്ച് കമ്പനിക്കായിരുന്നു. അതു വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു യുദ്ധം. സ്വാഭാവികമായി ഇസ്രയേൽ പാശ്ചാത്യപക്ഷം ചേർന്നു. 1956 ഒക്ടോബർ 29 ന് ഇസ്രയേൽ സൈന്യം സിനായ്പ്രദേശത്തെ ഈജിപ്ഷ്യൻസൈന്യത്തെ ആക്രമിച്ചു. ഫ്രഞ്ച് - ബ്രിട്ടീഷ് സൈന്യങ്ങളും ഈജിപ്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. എന്നാൽ, അമേരിക്ക ഇവരെ പിന്തുണയ്ക്കുന്നതിനു പകരം സോവിയറ്റുയൂണിയനുമായി ചേർന്നു സമാധാനശ്രമങ്ങളുമായി രംഗത്തുവന്നു. 12 മണിക്കൂറിനുള്ളിൽ യുദ്ധം അവസാനിപ്പിക്കാനും സൂയസ് ഗതാഗതം നിയന്ത്രിക്കാൻ ബ്രിട്ടീഷ് - ഫ്രഞ്ചു സൈന്യവിഭാഗത്തെ സൂയസ് കനാൽ പ്രദേശത്തു തുടരാൻ അനുവദിക്കാനും അവർ രണ്ടു വിഭാഗത്തോടും ആവശ്യപ്പെട്ടു. പക്ഷേ, ഈജിപ്ത് ഈ നിർദേശം അംഗീകരിച്ചില്ല. അതോടെ യുദ്ധം രൂക്ഷമായി.

എങ്കിലും അമേരിക്കയുടെയും സോവ്യറ്റ് യൂണിയന്റെയും സമ്മർദത്തിനു വഴങ്ങി നവംബർ ഏഴിനു യുദ്ധം അവസാനിപ്പിക്കാൻ ഇരുവിഭാഗവും സമ്മതിച്ചു. അപ്പോഴേക്കും സീനായ് ഉപദ്വീപും ഗാസമുനമ്പും പൂർണമായി ഇസ്രായേലിന്റെ അധീനത്തിലായിക്കഴിഞ്ഞിരുന്നു. ഈജിപ്തിന്റെ കൈവശമിരുന്ന ടിറാൻ ഉപദ്വീപും അവർ പിടിച്ചെടുത്തു.

യുദ്ധം അവസാനിപ്പിക്കാനും സമാധാനം പുനഃസ്ഥാപിക്കാനുമായി ഐക്യരാഷ്ട്രസഭ ഒരു അടിയന്തരസമാധാനസേനയെ സൂയസ് പ്രദേശത്തേക്കയച്ചു. ആ പ്രദേശത്തിന്റെ നിയന്ത്രണം സമാധാനസേന ഏറ്റെടുത്തു. ഫ്രഞ്ച് - ബ്രിട്ടീഷ് സൈന്യങ്ങൾ പിൻവാങ്ങി. എന്നാൽ, ഇസ്രയേൽ പിന്നെയും ആറുമാസംകൂടിക്കഴിഞ്ഞേ പിടിച്ചടക്കിയ സ്ഥലങ്ങളിൽനിന്നു പിൻവാങ്ങിയുള്ളൂ.

ഈ യുദ്ധം ഒരിക്കൽക്കൂടി ഇസ്രയേലിന്റെ യുദ്ധതന്ത്രങ്ങളുടെ മികവും സൈനികശേഷിയും ലോകത്തിനു ബോധ്യപ്പെടുത്തിക്കൊടുത്തു. ഇസ്രയേലിനെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കണമെന്ന അറബ്‌രാജ്യങ്ങളുടെ ആഗ്രഹം ഒരിക്കലും നടപ്പിലാകാൻ പോകുന്നില്ലെന്ന മുന്നറിയിപ്പു കൊടുക്കാനും ഇസ്രയേലിനു കഴിഞ്ഞു.

എങ്കിലും അടങ്ങിയിരിക്കാൻ അറബ്‌രാജ്യങ്ങൾക്കു കഴിയുമായിരുന്നില്ല. അവരുടെ കണ്ണിലെ ഇസ്രയേൽകരടു നീക്കാതെ സമാധാനമായുറങ്ങാൻ കഴിയില്ലെന്ന് അവർക്കു ബോധ്യമായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ ഇസ്രയേൽവിരോധം പിന്നെയും മൂർച്ചപ്പെടുത്തിക്കൊണ്ടിരുന്നു.

1964 ജനുവരി 13-16 തീയതികളിൽ ഈജിപ്തിന്റെ തലസ്ഥാനമായ കെയ്റോയിൽ ആദ്യത്തെ അറബ്‌ലീഗ് ഉച്ചകോടി നടന്നു. മധ്യപൂർവദേശത്തെ 14 മുസ്ലീം രാഷ്ട്രങ്ങൾ പങ്കെടുത്തു. തങ്ങളുടെ ആത്യന്തികലക്ഷ്യം ഇസ്രയേലിന്റെ നാശമാണെന്ന് 14 രാജ്യങ്ങളും ഏകകണ്ഠമായി പ്രഖ്യാപിച്ചു.

1960 സെപ്തംബറിൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ ഈജിപ്ത് പ്രസിഡന്റ് നാസർ, പലസ്തീൻ പ്രശ്നത്തിന്റെ ഏകപരിഹാരം ഇസ്രയേലിന്റെ നിർമ്മാർജനമാണെന്നു പ്രസംഗിക്കുകയുണ്ടായി. 1964 ലെ ഉച്ചകോടിക്കുശേഷം അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: ദൈവനാമത്തിൽ ഞാൻ സത്യം ചെയ്യുന്നു, പലസ്തീനെ പുനഃസ്ഥാപിക്കുന്നതുവരെ ഞങ്ങൾ വിശ്രമിക്കുകയില്ല. ഇവിടെ ഇമ്പീരിയലിസത്തിനും ബ്രിട്ടനും ഇടമുണ്ടാവില്ല. അതുപോലെ അറബ്‌രാഷ്ട്രങ്ങൾക്കിടയിൽ ഇസ്രയേലിനും സ്ഥാനമുണ്ടാകില്ല. തൊട്ടടുത്തവർഷം കുറെക്കൂടി രൂക്ഷമായി പ്രഖ്യാപിച്ചു. "ഞങ്ങൾ മണൽമൂടിയ പലസ്തീൻമണ്ണിൽ പ്രവേശിക്കില്ല. യഹൂദരക്തം കൊണ്ടു കുതിർന്ന അതിന്റെ മണ്ണിലേ കാല് ചവിട്ടൂ!"

(തുടരും)

## ശ്രേഷ്ഠമലയാളം



**ഡോ. ഡേവിസ് സേവ്യർ**

"ന ചോരഹാര്യം, ന ച രാജഹാര്യം
ന ഭാതൃഭാജ്യം, ന ച ഭാരകാരി
വ്യയേ കൃതേ വർധതേ ഏവ നിത്യം
വിദ്യാധനം സർവധനാൽ പ്രധാനം"
(പദ്യം 20)

(കള്ളൻ മോഷ്ടിക്കില്ല, സർക്കാർ നികുതി വാങ്ങില്ല, സോദരന് ഓഹരി കൊടുക്കേണ്ട, ഭാരം ചുമത്തില്ല, കൊടുക്കുംതോറും ഏറിവരും. മറ്റെല്ലാ ധനത്തെക്കാളും മികച്ചതു വിദ്യ) ഏ.ഡി. 650 നടുത്തു ജീവിച്ചിരുന്നുവെന്നു കരുതപ്പെടുന്ന ഭർത്തൃഹരിയുടെ നീതിശതകത്തിലെ ഒരു ശ്ലോകമാണ് മേൽ ഉദ്ധരിച്ചത്. ഇതിലെ 'വിദ്യാധനം സർവധനാൽ പ്രധാനം' എന്ന വരി കേൾക്കാത്ത ആരും ഉണ്ടെന്നു തോന്നുന്നില്ല.

'വിദ്യാധനം' എന്ന സമസ്തപദത്തിലെ, തവർഗാക്ഷരങ്ങളായ ദ(മൃദു) യുടെയും ധ(ഘോഷം) യുടെയും ഉച്ചാരണം

# വിദ്യാധനം

ചിലർക്കു തെറ്റിപ്പോകാറുണ്ട്. വിദ്യാധനം ഉച്ചാരണത്തിൽ 'വിധ്യാധനം' ആയിപ്പോകുന്നു. മൃദുവിന്റെ ഉച്ചാരണം ഘോഷത്തിനു സമാനമാവുന്നു. ഉച്ചാരണസ്ഥാനവും രീതിയും ശ്വാസി - നാദി ഭേദങ്ങളും പരിഗണിക്കുമ്പോൾ, ദ സ്പർശ - ദന്ത്യ - നാദി വർണവും ധ സ്പർശ - മഹാപ്രാണ - ദന്ത്യ - നാദി വർണവുമാണ്. അതായത്, ദ കാരത്തിന്റെ മഹാപ്രാണമാണ് ധ എന്നു ചുരുക്കം. ദ കാരം സ്ഫോടനസ്വഭാവത്തോടെ ഉച്ചരിക്കുമ്പോൾ ഘോഷമായ ധ ജനിക്കുന്നു. ഘോഷത്തിന്റെ ഉച്ചാരണം മൃദുവിലേക്കു കടന്നുകയറിയതിന്റെ ഫലമായാണ് 'വിധ്യാധനം' എന്ന വികലോച്ചാരണം രൂപപ്പെടുന്നത്.

ഇത്തരം ഉച്ചാരണവൈകല്യം വിദ്യാർത്ഥി - 'വിധ്യാർത്ഥി', വിദ്യാഭ്യാസം - 'വിധ്യാഭാസം' മുതലായ വാക്കുകളിലും പ്രകടമായി കടന്നുവരാറുണ്ട്. ഉച്ചാരണവഴക്കം ചെറുപ്പത്തിലേ ഉണ്ടാകേണ്ടതാണ്. മുതിർന്നുകഴിഞ്ഞാൽ ഉച്ചാരണപ്പിഴകൾ തിരുത്തുക എളുപ്പമല്ല. ഉച്ചാരണത്തിൽ ഉറയ്ക്കുന്ന തെറ്റുകൾ സാവധാനം എഴുത്തിലേക്കും കടന്നുവരും. പിന്നെ പറഞ്ഞിട്ടു ഫലമില്ലല്ലോ!

*പ്രബോധചന്ദ്രൻനായർ, വി. ആർ., ഉച്ചാരണം നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001, പുറം - 14.



# മിഴിയിതൾപ്പൂക്കൾ

10-ാം പേജ് തുടർച്ച

ഏതായാലും ഷേർലിച്ചേച്ചി വന്നതു നന്നായി." അരുൺ പറഞ്ഞു.

"അരുൺ എപ്പോൾ വേണമെങ്കിലും പൊയ്ക്കോ. ഞാനിവിടെ നിന്നോളാം. കെട്ടിക്കാത്ത ഒരു പെങ്ങളുള്ളതുകൊണ്ട് ആങ്ങളയ്ക്ക് ഇങ്ങനെയെങ്കിലും ഒരു പ്രയോജനം കിട്ടട്ടെ."

"ചെറിയ ഒരു പ്രശ്നമുണ്ട്. എന്റെ കാറ് വിവേക് കൊണ്ടുപോയി. ഇനി ഞാൻ ബസ് കയറി പോകേണ്ടി വരും."

"അതുവേണ്ട. ഓടിക്കാൻ പറ്റുമെങ്കിൽ എന്റെ കാർ നീ കൊണ്ടുപൊയ്ക്കോളൂ."

"ഓടിക്കാൻ ബുദ്ധിമുട്ടില്ല. ഞാൻ ഏതു വാഹനവും ഓടിക്കും. ഹെവി ലൈസൻസ് വരെയെടുത്തിട്ടുണ്ട്." അരുൺ പറഞ്ഞു.

ഷേർലി, എക്സിലോ കാറിന്റെ കീ അപ്പോൾത്തന്നെ അരുണിനു കൊടുത്തു.

അല്പം രഹസ്യമായി ഒരു കാര്യം ഷേർലിച്ചേച്ചിയോടു സംസാരിക്കാനുണ്ട്." അരുൺ സ്വരം താഴ്ത്തിപ്പറഞ്ഞു.

രണ്ടുപേരും റോണി കിടക്കുന്ന മുറിയിൽനിന്നിറങ്ങി മറ്റൊരു മുറിയിലെത്തി.

"അരുണേ, എന്താ പറയാനുള്ളത്?" ഷേർലി ഉദ്വേഗത്തോടെ ചോദിച്ചു.

"റോണിയുടെ ഓഫീസ് ടേബിളിലിരുന്ന ഒരു പുസ്തകത്തിൽനിന്ന് എനിക്കൊരു കത്തു കിട്ടി."

"ങ്ഹേ! ജീനാ എഴുതിയതാണോ?"

"അതേ."

"നീയതു വായിച്ചില്ലേ?"

"വായിച്ചു. അല്പം പ്രശ്നമുണ്ടാക്കുന്ന കത്താണ്."

"ഹൊ! പോലീസിന്റെ കൈയിൽ കിട്ടാഞ്ഞതു നന്നായി." ഷേർലി പറഞ്ഞു.

"അത് നമുക്കെന്തു ചെയ്യണം? കത്തിച്ചുകളയണോ?"

"പറയാം. നീയതെവിടെ വച്ചു?"

"എന്റെ പാന്റിന്റെ പോക്കറ്റിൽത്തന്നെയുണ്ട്."

"കാണിക്ക്."


അരുൺ, പാന്റിന്റെ പോക്കറ്റിൽനിന്നെടുത്ത ജീനായുടെ മരണക്കുറിപ്പ് ഷേർലിയുടെ കൈയിൽ കൊടുത്തു.

*(തുടരും)*

Deepanalam Weekly

RNI No : 16998/68
Vol. 58 No. 23 Date of Publication 7 August 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

CASH for GOLD

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

KERALA'S NO.1 GOLD BUYER



FREE

അച്ചായൻസ് ഗോൾഡ് 916

പാലാ | ഉഴവൂർ | കരിങ്കുന്നം | വാഴക്കുളം

85900 46916 | 90723 88172

വിദേശ പഠനം/ജോലി, തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ* BRANDED TROLLY BAG സമ്മാനമായി നൽകുന്നു. (4 Lakhs and above*)

കോട്ടയം | ഏറ്റുമാനൂർ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചങ്ങനാശ്ശേരി
എറണാകുളം | തൊടുപുഴ | ചേർത്തല | പേരൂർ | കടുത്തുരുത്തി | നീണ്ടൂർ

NRI ഇടപാടുകൾക്ക് പ്രത്യേക വിഭാഗം | DOOR STEP SERVICE AVAILABLE | CASH/BANK TRANSFER AVAILABLE *

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം

എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

കേരള ഗവൺമെന്റ് – PSC അംഗീകൃതം

+ 2 പരാജിതർക്ക് 3 വിഷയം മാത്രം

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 7306874714 Fax: 04822-212842 Email: editordeepanalam@gmail.com deepanalam@rediffmail.com website: www.deepanalam.org